കവിതാപരിചയം

(സീതാപരിത്യാഗം)

MUHAMMADIYA ISLAM HIGH SCHOOL
2710
ERNAKULAM.

പ്രസാധകൻ

എൻ. കുഞ്ഞുപിള്ള എം. എ.

★

Approved for School Libraries — Vide D. P. I's order No L. Dis 18286/56/A I 3 dated 24-10-1956

വിദ്യോദയ പ്രസിദ്ധീകരണം

സ്റ്റാൻഡാർഡ് XI പുസ്തകം 2

സീതാപരിത്യാഗം

കോട്ടയം കേരളവർമ്മയുടെ വാല്മീകിരാമായണ
പരിഭാഷയിൽനിന്നു് സങ്ഗ്രഹിച്ചതു്



എൻ. കുഞ്ഞുപിള്ള എം. എ.

പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം.

വില 14 അണ.

SEETĀPARITHYĀGAM

(POETRY)



N. KRISHNA PILLAY · M. A.



First Impression: June 1956

Second Impression: November 1956



Publishers

VIDYODAYA PUBLICATIONS

CARMEL ROAD, VAZHUTHACAUD,

TRIVANDRUM.

Price As. 14

MUHAMMADIYAH ISLAM HI
Date
ERNAKULAM.

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

സ്റ്റാൻഡാർഡ് VI

1. വേലുത്തമ്പിദളവാ .... [വീരചരിതം]
2. മലീയനായ പുത്രൻ .... .. [ലഘുനാടകം]
3. ചിത്ര .... [സംഭാഷണഗാനം]
4. വിമാനത്തിന്റെ കഥ .... [ശാസ്ത്രം]
5. ധർമ്മശീലി .... [ജീവചരിത്രം]

സ്റ്റാൻഡാർഡ് VII

1. ശ്രീനാരായണഗുരു .... [ജീവചരിത്രം]
2. റേഡിയോ .... [ശാസ്ത്രം]
3. സഹപാഠികൾ .... [ഗാനനാടകം]
4. അവർ ഇന്നും ജീവിക്കുന്നു [ജീവചരിത്രസംഗ്രഹം]
5. നമ്മുടെ ആഘോഷങ്ങൾ .... [സാമൂഹ്യചരിത്രം]

സ്റ്റാൻഡാർഡ് VIII

1. ആകാശഗോളാകർഷം .... [സങ്ഖ്യാപരിക്ഷണങ്ങൾ]
2. സിനിമാ .... [ശാസ്ത്രം]
3. ജ്ഞാനപ്പാന .... [ഹിതോപദേശം]
4. തിരഞ്ഞെടുപ്പ് (ഒന്നാംഭാഗം)
[മാതൃകാന്യായികാസംഗ്രഹം]
5. തിരഞ്ഞെടുപ്പ് (രണ്ടാംഭാഗം)
[മാതൃകാന്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് IX

1. ബാപ്പുജി .... [ജീവചരിത്രം]
2. ശരീരമാദ്യം .... [ശരീരശാസ്ത്രം]
3. ബിന്ദുക്കൾ .... [ഗദ്യകഥാസമാഹാരം]
4. ഇൻഡ്യ മുന്നോട്ട് .... [രാജ്യചരിത്രം]
5. ഇൻഡ്യ മുന്നോട്ട് .... [രാജ്യചരിത്രം]

സ്റ്റാൻഡാർഡ് X

1. ചെക്കോവും മരവുരിയും.... .... [നാടകം]
2. സമ്പൂർണ്ണജീവിതം .... [ജീവചരിത്രം]
3. കാവദർപ്പണം .... [കവിതാസമാഹാരം]
4. ഇന്ത്യാ വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്ത്യാഖ്യായികാസംഗ്രഹം]
5. ഇന്ത്യാ വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്ത്യാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് XI

1. മൗലികാവകാശങ്ങൾ .... [രാഷ്ട്രീയകാര്യം]
2. സീതാപരിത്യാഗം .... [കവിതാസംഗ്രഹം]
3. കൈരളിയുടെ കഥ—ഒന്നാംഭാഗം
4. കൈരളിയുടെ കഥ—രണ്ടാംഭാഗം } സാഹിത്യചരിത്രം]
5. കൈരളിയുടെ കഥ—മൂന്നാംഭാഗം

ഈ ഗ്രന്ഥപരമ്പരയെപ്പറ്റി

അപ്പർ പ്രൈമറി സ്കൂളിലെയും സെക്കൻഡറി സ്കൂളിലെയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങൾ ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളതു്. ഓരോ ക്ലാസ്സിലെയും മാതൃഭാഷാധ്യയനത്തിനു് നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കൂട്ടികൾ പരിചയിക്കുന്ന പദങ്ങളെയും പ്രയോഗങ്ങളെയും ശൈലികളെയും അവരുടെമനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്കു് നൽകുന്നതിനും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദന രീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ടു്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണു് അതാതു് ക്ലാസ്സിലേയ്ക്കു് പുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. മൻ ക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാ ശൈലികളും വേണ്ടിടത്തോളം അടുത്ത ക്ലാസ്സുകളിലെ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്കു് പുതിയ വാക്കുകളും നൂതന ശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാള സാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗാനനാടകം, ഗദ്യനാടകം, ഒറ്റശ്ലോകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം, തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബാലികാബാലന്മാർക്കു് കൗതുകം ഉളവാക്കുക, എന്നിവയാണു് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു് നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അധ്യാപകസുഹൃത്തുക്കളും വിദ്യാഭ്യാസവിചക്ഷണന്മാരുമാണു്.

പ്രസാധകർ { അംശി പി. ശ്രീധരൻനായർ.
എൻ. കൃഷ്ണപിള്ള.
വി. ആനന്ദക്കുട്ടൻനായർ. }

ഈ ഗ്രന്ഥത്തെപ്പറ്റി

രാമായണംകഥ അറിഞ്ഞുകൂടാത്ത കുട്ടികൾ കാണുകയില്ല. എഴുത്തച്ഛന്റെ 'അദ്ധ്യാത്മരാമായണ'ത്തിലെ ചില ഭാഗങ്ങൾ പാഠപുസ്തകങ്ങളിൽനിന്നും അവർ ഗ്രഹിക്കുന്നുമുണ്ട്. പക്ഷേ രാമായണം ആദ്യമായി സൃഷ്ടിച്ച മഹാകവി വാല്മീകിയുടെ കാവ്യവുമായി അവക്ക് യാതൊരു പരിചയവും ഇല്ല. ഈ കുറവ് അല്പമെങ്കിലും പരിഹരിക്കാനാണ് ഈ പുസ്തകം മുഖേന ശ്രമിക്കുന്നത്. മലയാളത്തിൽ ഒന്നാമതായി വാല്മീകിരാമായണം വിവർത്തനം ചെയ്ത കോട്ടയം കേരളവർമ്മയുടെ ഗ്രന്ഥത്തിലെ സീതാപരിത്യാഗഘട്ടം ഇവിടെ കഴിവതും സംക്ഷേപിച്ചു പ്രസാധനം ചെയ്തിരിക്കുന്നു. വാല്മീകിരാമായണത്തിന്റെ മേന്മ, അദ്ധ്യാത്മരാമായണം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച്, ഒരു ഉപന്യാസം ഗ്രന്ഥാരംഭത്തിൽ ചേർത്തിട്ടുമുണ്ട്. ആദികവിയുടെ കഥാപാത്രങ്ങളുടെ ആശയങ്ങളും തെല്ലെങ്കിലും കുട്ടികളെ ധരിപ്പിക്കുവാൻ ഈ പ്രസാധനംകൊണ്ടു കഴിയുമെന്നു വിചാരിക്കുന്നു.

[ALL RIGHTS RESERVED]

വാല്മീകിയും ആദിമകാവ്യവും

ഭാരതത്തിലെ ആദ്യത്തെ മഹാകാവ്യമാണ് വാല്മീകി രചിച്ച രാമായണം. രണ്ടായിരത്തിയഞ്ഞൂറിലധികം വർഷമാകും, ആ [1]ദിവ്യജ്യോതിസ്സ് ഉദയം ചെയ്തിട്ട്. അതു് ഇനിയും അണഞ്ഞിട്ടില്ല; ഒരിക്കലും അണയുകയുമില്ല. ഈ ഭൂഖണ്ഡത്തിലെ കുഗ്രാമങ്ങൾ തൊട്ട് മഹാനഗരങ്ങൾ വരെ, ഹിമാലയംതൊട്ട് കുമാരീതീർത്ഥംവരെ, അതിന്റെ ഉജ്ജ്വലരശ്മികൾ വീശിക്കൊണ്ടിരിക്കുന്നു. രാമന്റെയും സീതയുടെയും രാവണന്റെയും വിഭീഷണന്റെയും കാലവും അന്നത്തെ പരിതസ്ഥിതികളും മാറിമറിഞ്ഞുകഴിഞ്ഞു. [2]കനകകാന്തി ചിന്തിക്കൊണ്ടിരുന്ന ലങ്കാപുരവും, മഹാലക്ഷ്മിയുടെ വിലാസരങ്ഗം ആയിരുന്ന അയോദ്ധ്യയും, ഇന്നു കാണാനില്ല.

---

1. ദിവ്യജ്യോതിസ്സ് = ദിവ്യമായ പ്രകാശം
2. കനകകാന്തി = സ്വർണ്ണശോഭ

ഇക്കാലത്തു് അസുരന്മാരും വാനരന്മാരും സമരം ചെയ്യുന്നില്ല. അന്നത്തെപ്പോലെ വില്ലും അമ്പും കുന്തവും വാളും കല്ലും മരവും കൊണ്ടല്ല ആധുനികയുദ്ധം ചെയ്യാറുള്ളതു്. അങ്ങനെ സർവതോമുഖമായ പരിണാമങ്ങൾ സംഭവിച്ചു കഴിഞ്ഞ ഇന്നും എന്താണു് നാം ആ പഴയ വെളിച്ചം തേടിപ്പോകുന്നതു് ?

വെറും ഒരു പറവയുടെ സങ്കടം കണ്ടാൽപ്പോലും, അലിവിന്റെ ഉറവകൾ പൊട്ടിപ്പുറപ്പെടുന്ന ഒരു ഹൃദയത്തിൽനിന്നാണു്, രാമായണം ഉദ്ഭവിച്ചതു്, മനുഷ്യജീവിതത്തിലെ സമസ്തഭാവങ്ങളോടും [1]സാത്മ്യം നേടാൻ കഴിവുള്ള ആ ഹൃദയത്തിനു്, അലകടലിന്റെ ആഴവും പരപ്പും ഉണ്ടായിരുന്നു. ഗംഗാജലംപോലെ പാവനമായ സ്നേഹത്തിന്റെയും ഉരുക്കുപോലെ ഉറച്ച ധർമ്മത്തിന്റെയും ജീവരക്തംപോലെ വിലപ്പെട്ട ത്യാഗത്തിന്റെയും സന്ദേശമാണു്, രാമായണം മുഖേന വാല്മീകി നമുക്കു നൽകിയതു്. മാതാപിതാക്കളുടെ വാത്സല്യം, പുത്രന്റെ സ്നേഹം, ഭ്രാതാവിന്റെ ഭക്തി, ഭായ്ഭത്താക്കന്മാരുടെ പരസ്പരപ്രേമം, ഭൃത്യന്റെ വിശ്വാസബഹുമാനങ്ങൾ, സ്വാമിയുടെ ക്രൂരം കാരുണ്യവും, രാജാവിനു് പ്രജകളോടും പ്രജകൾക്കു രാജാവിനോടുമുള്ള പ്രീത്യാദരങ്ങൾ, എന്നിങ്ങനെ സ്നേഹത്തിന്റെ രൂപഭേദങ്ങളായ

---

1 സാത്മ്യം പ്രാപിക്കുക = ഐക്യം പ്രാപിക്കുക.

നിരവധി മാനുഷഭാവങ്ങളെ ആഴത്തിൽ കണ്ടു്, നേരിട്ടു പ്രതിഫലിപ്പിക്കുവാൻ കഴിഞ്ഞു എന്നതാണു്, രാമായണ കർത്താവിന്റെ അനശ്വരകീർത്തിക്കുള്ള ഒരു പ്രധാന കാരണം. മനുഷ്യനിൽ [1]രൂഢമൂലങ്ങളായ ഈ ഭാവങ്ങൾ [2]നിത്യനൂതനങ്ങളായിരിക്കുന്നതുകൊണ്ടു്, അവയെ ആകർഷകമായി ആവിഷ്കരിക്കാൻ കഴിവുള്ള ഒരു കൃതിക്കു് [3]ചിരപ്രതിഷ്ഠ കിട്ടാതെ തരമില്ല.

രാമായണത്തിന്റെ നിലനില്പിനുള്ള മറ്റൊരു മുഖ്യഹേതു, അതിൽ അംഗീകരിക്കുന്ന ജീവിതസന്ദേശം ആണു്. രാമൻ, രാവണൻ, സീത തുടങ്ങിയ കഥാപാത്രങ്ങളുടെ ലക്ഷ്യങ്ങളും പ്രവർത്തനസരണികളും വിജയാപജയങ്ങളും സൂക്ഷിച്ചുനോക്കുമ്പോൾ, ആ സന്ദേശം എന്തെന്നു വ്യക്തമാകും. ആരാണു് ഈ ഗംഭീരജീവിതാഖ്യാനത്തിലെ നായകൻ? അചഞ്ചലമായ ആദർശനിഷ്ഠയും അന്യൂനമായ ധർമ്മതത്പരതയുമുള്ള രാമൻ. മലിനവും ഹീനവുമായ സ്വാർത്ഥചിന്തകളും ഭൗതികൈശ്വര്യത്തിന്റെ പ്രലോഭനങ്ങളും ധർമ്മപഥാതിയിൽ നിന്നും അദ്ദേഹത്തെ വ്യതിചലിപ്പിക്കുന്നില്ല. പക്ഷേ വ്യതിയാനം ഉണ്ടാകാതിരിക്കാൻ അദ്ദേഹം കടന്നുപോകുന്ന കഠിനയാതനകൾ ചെറുതൊന്നുമല്ല. തനിക്കു് ഏറ്റവും പ്രിയപ്പെട്ടതും തന്നെ അത്യന്തം ആനന്ദിപ്പി

---

1. രൂഢമൂലം = വേരുറച്ച
2. നിത്യനൂതനം = എന്നും പുതുമ ഉള്ള
3. ചിരപ്രതിഷ്ഠ = നെടുനാളത്തെ ഉറച്ച സ്ഥാനം

ക്കുന്നതുമായ സർവവും വലിച്ചെറിഞ്ഞുവേണം, രാമൻ ധർമ്മസംരക്ഷണം നിർവഹിക്കേണ്ടതു്. പതറാതെയും തരളാതെയും, ആ [1]ഭഗീരഥപ്രയത്നം സഫലമാക്കാൻ, ആ മഹാപുരുഷനു സാധിക്കുന്നു. ധാർമ്മികജീവിതത്തിനുവില കല്പിക്കാത്തവരുടെ ദൃഷ്ടിയിൽ, രാമൻ ഒരു പരാജയമാണെന്നു തോന്നിയേയ്ക്കാം. പക്ഷേ ഭാരതീയസംസ്കാരത്തിന്റെ അന്തസ്സാരമറിഞ്ഞ വാല്മീകിയുടെ നോട്ടത്തിൽ, രാമന്റെ ജീവിതം ഭാസുരമായ വിജയം ആണു്. രാമായണത്തിലെ പ്രതിനായകനായ രാവണനാകട്ടെ, [2]അജയ്യമായ ശക്തികളും അസുലഭമായ സിദ്ധികളുംകൊണ്ടു് അനന്യഹീതനും മഹത്പദത്തിന്റെ ലക്ഷണങ്ങൾ തികഞ്ഞിട്ടുള്ള കർമ്മകുശലനും ആകുന്നു. എന്നിട്ടും, സ്വാർത്ഥചിന്തയുടെയും ഭൗതികമോഹങ്ങളുടെയും ഒഴുക്കിൽ അകപ്പെട്ടു്, അദ്ദേഹം അധർമ്മചാരിയായി അധഃപതിക്കുകയാണു്. രാമനെയും രാവണനെയും കൂട്ടിക്കെട്ടുന്ന നായികയായ സീതയോ, [3]നിതാന്തശുഭ്രമായ ജീവിതവിശുദ്ധിയുടെ [4]നിദർശനമാണു്. അടിക്കടിയുള്ള ദുരിതാനുഭവങ്ങളിൽക്കൂടി നീന്തുകയായിരുന്നു അവർ. മഞ്ഞണിഞ്ഞ [5]ധവളശൃ

---

1. ഭഗീരഥപ്രയത്നം = ഭഗീരഥന്റേതുപോലുള്ള പ്രയത്നം (ഭഗീരഥൻ ഗംഗയെ സ്വർഗ്ഗത്തിൽനിന്നും ഭൂമിയിൽകൊണ്ടുവന്ന രാജാവാണു്.)
2. അജയ്യം = ജയിക്കപ്പെടാൻ കഴിയാത്ത
3. നിതാന്തശുഭ്രം = എപ്പോഴും വെണ്മയുള്ള
4. നിദർശനം = മാതൃക
5. ധവളശൃങ്ഗം = വെളുത്ത കൊടുമുടി

ങ്ഗംപോലെ ഉന്നതവും [1]ഉദാത്തവും ആണു്, കണ്ണനീരിൽ കളിച്ച ആ സ്ഥിരസ്നേഹമൂത്തി. ഇപ്രകാരം തന്റെ മുഖ്യപാത്രങ്ങളിൽക്കൂടി വാല്മീകി പ്രഖ്യാപിക്കുന്ന മഹിതസത്യം, ധർമ്മനിഷ്ഠരും ആദർശഭക്തരും ആയ മനുഷ്യർ ഉള്ളിടത്തോളംകാലം, ആദരിക്കപ്പെടുക തന്നെ ചെയ്യും.

സംഭവസങ്കുലമായ ഒരു [2]ബൃഹത്കഥയാണു് വാല്മീകിയുടെ മഹാകാവ്യം. അതു തന്നെയാണു് ആ [3]മനുഷ്യകഥാനുഗാനത്തിന്റെ മറ്റൊരുവിജയരഹസ്യം. എത്രയെത്ര വിചിത്രവും വിവിധവും ആയ സംഭവങ്ങളാണു്, നാം ആ കൃതിയുടെ ആദ്യം മുതൽ അന്ത്യംവരെ കാണുന്നതു്! ദശരഥന്റെ അനപത്യതാദുഃഖം, യാഗദീക്ഷ, സന്താനലബ്ധി, വിശ്വാമിത്രാഗമനം, താടകാനിഗ്രഹം, ചാപഭഞ്ജനം, സീതാവിവാഹം, രാമഭാർഗ്ഗവസങ്ഘട്ടനം, രാമാഭിഷേകപരിപാടി, ക്രുനിയുടെ കുസ്രുതി, കൈകേകിയുടെ മനംമാറ്റം, വിഷ്ണ്വാഭിഷേകം, രാമന്റെ വനപ്രാപ്തി, എന്നിവതൊട്ടു് ആരംഭിച്ചു്, ഒടുവിൽ സീതാപരിത്യാഗവും കഴിഞ്ഞു് സപ്താരോഹണം വരെ എത്തുന്നതിനകമുള്ള എല്ലാ സംഭവങ്ങളും വെറും ഡയറിക്കുറിപ്പുകളം അല്ല. മനുഷ്യന്റെ എണ്ണിയാലൊടുങ്ങാത്ത വികാരങ്ങളുടെ അസ്തിവാരത്തിലാണു്,

---

1. ഉദാത്തം = ഏറ്റവും ഉൽകൃഷ്ടം
2. ബൃഹത്കഥ = വലിയകഥ
3. മനുഷ്യകഥാനുഗാനം = മനുഷ്യകഥ പാടുക എന്നതു്.

ഈ സംഭവങ്ങളെല്ലാം കെട്ടിപ്പടുത്തിരിക്കുന്നതു്. ഇവിടെ എടുത്തു കാണിച്ച സംഭവങ്ങളുടെ ചുവട്ടിൽ, മറയ്ക്കു് ശോകം, പ്രതീക്ഷ, ആനന്ദം, ഭീതി, ഔജസ്സു്, ഉത്സാഹം, പ്രീതി, അസൂയ, ആത്മരക്ഷാസക്തി, നൈരാശ്യം, എന്നീ വികാരങ്ങളും കൂടികൊള്ളുന്നുണ്ടു്. ഈ വികാരങ്ങൾകൊണ്ടു് നമ്മുടെ വികാരങ്ങളും ഉണർന്നു്, അവയെ വളർത്തിക്കൊണ്ടുവരാൻ നമുക്കു കഴിയുമ്പോൾ, സംഭവങ്ങളെല്ലാം ആസ്വാദ്യമായിത്തീരുന്നതിരിക്കാൻവയ്യ. സീതയുടെയും രാമന്റെയും മറ്റും ജീവിതങ്ങൾ നമ്മുടേതുതന്നെ എന്ന ഒരു അനുഭൂതി നമുക്കു് ഉണ്ടായിപ്പോകുന്നു.

സംസ്കൃതഭാഷയിലാണു് വാല്മീകി രാമായണം രചിച്ചതു്. ആ സമുദ്രത്തിലെ ജലം ചിരട്ടയും പിടിമൊന്തയും കുടവും കുട്ടകവും കൊണ്ടു് മുക്കിക്കോരി, ഭാരതത്തിലെ എല്ലാ പ്രാദേശിക സാഹിത്യങ്ങളെയും നനച്ചു വളർത്താൻ, കഴിഞ്ഞ ആയിരം കൊല്ലങ്ങളായി, സാഹിത്യകാരന്മാർ ശ്രമിച്ചിട്ടുണ്ടു്. അനുപദം വിവർത്തനം ചെയ്യുക, ഏകദേശവിവർത്തനങ്ങൾ നടത്തുക, കഥ മാത്രം സ്വീകരിക്കുക, കഥയെ പരിഷ്കരിച്ചു് ഉപയോഗിക്കുക, അലങ്കാരപ്രയോഗങ്ങളും ആശയങ്ങളും മാത്രം സ്വന്തമാക്കുക, എന്നിങ്ങനെ രാമായണത്തെ ഏതെങ്കിലും വിധത്തിൽ ഉപജീവിക്കാത്ത പ്രാദേശികഭാഷകൾ ഇല്ലതന്നെ. ലഘുകാവ്യം, മഹാകാവ്യം, നാടകം, ചമ്പു, ഗദ്യകൃതി, വ്യാഖ്യാനം, ഇത്യാദി വിഭിന്നരൂപങ്ങളിൽക്കൂടി, പല തലമുറകളിലായി, പല ഭാഷകളിലും രാമായണം പകർന്നു

ന്നിട്ടുണ്ട്. മലയാളത്തിലെ 'രാമചരിതം', 'കണ്ണശ്ശരാമായണം,' 'രാമായണം ചമ്പു,' 'അദ്ധ്യാത്മരാമായണം,' നമ്പ്യാരുടെ പല തുള്ളലുകളും, കൊട്ടാരക്കരത്തമ്പുരാന്റെ ആട്ടക്കഥകളും, 'കേരളവമ്മരാമായണം,' എന്നുവേണ്ട, കൈകൊട്ടിക്കളിപ്പാട്ടുകളും, കുറത്തിപ്പാട്ടുകളും, കിളിപ്പാട്ടുകളും എന്നീ നാടോടിക്കവിതകളുംപോലും, അൽപമായോ അധികമായോ മുഴുവനുമായോ, രാമായണത്തെ അവലംബിച്ചിട്ടുണ്ടെന്നു കാണാം. ചുരുക്കത്തിൽ, നമ്മുടെ സാഹിത്യസംസ്കാരത്തിൽ നല്ലൊരു പങ്ക് രാമായണകാവ്യത്തിൽനിന്നാണ് ലഭിച്ചിട്ടുള്ളത്.

എഴുത്തച്ഛന്റെ രാമായണം

കേരളീയ ജനതയ്ക്ക് ഏറ്റവും പരിചിതമായിട്ടുള്ള 'രാമായണം', എഴുത്തച്ഛൻ എഴുതിയിട്ടുള്ള അദ്ധ്യാത്മരാമായണമാണ്. അത് വാല്മീകിരാമായണത്തിന്റെ പരിഭാഷയല്ല. സംസ്കൃതത്തിലുള്ള 'അദ്ധ്യാത്മരാമായണം' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനമാണ് എഴുത്തച്ഛന്റെ കൃതി. സർവരാമായണാഖ്യാനങ്ങൾക്കും അവലംബവും കാവ്യഭംഗി വഴിഞ്ഞൊഴുകുന്നതുമായ 'വാല്മീകിരാമായണം' പരിഭാഷപ്പെടുത്താതെ, കാവ്യരസികതപം കുറഞ്ഞ ഒരു സംസ്കൃതകൃതി എഴുത്തച്ഛൻ എന്തിനു തർജ്ജമചെയ്തു എന്ന ചോദ്യം ഉണ്ടാകാം. എഴുത്തച്ഛന്റെ ഇഷ്ടവും ലക്ഷ്യവും ഈശ്വരഭക്തി പ്രചരിപ്പിക്കുക എന്നതായിരുന്നു. അതോടൊപ്പം, കേരളീയരെ ആദ്ധ്യാത്മിക

ചിന്തയിലേയ്ക്കു നയിക്കണമെന്നും അദ്ദേഹം കരുതി. ആ ആവശ്യം സാധിക്കാൻ 'വാല്മീകിരാമായണം' വേണ്ടത്ര പ്രയോജനപ്പെടുകയില്ല. രാമനെയും സീതയെയും ഉത്തമരായ മനുഷ്യർ എന്ന നിലയിലാണ് വാല്മീകി അവതരിപ്പിച്ചിട്ടുള്ളത്. അവക്ക് അദ്ദേഹം പൂർണ്ണമായ ഈശ്വരത്വം കൽപിച്ചിട്ടില്ല. വാല്മീകിയുടെ കാലം കഴിഞ്ഞു പല നൂറ്റാണ്ടുകൾ ചെന്നപ്പോൾ, ഈശ്വരഭക്തിക്ക് പരമാവധി മേന്മ കൽപ്പിക്കുന്ന ഒട്ടധികം ആചാര്യന്മാർ, ഭാരതത്തിന്റെ പല ഭാഗത്തും ഉണ്ടായി. ശ്രീരാമൻ, ശ്രീകൃഷ്ണൻ, തുടങ്ങിയ ആദർശപുരുഷന്മാരെ ഈശ്വരന്റെ അവതാരങ്ങളായി സങ്കൽപ്പിച്ചു, അവർ ആരാധനയും സ്തോത്രരചനയും കാവ്യനിർമ്മാണവും തുടങ്ങി. അങ്ങനെ, രാമനെ ദേവനും സീതയെ ദേവിയുമാക്കിക്കൊണ്ട് എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ ഒന്നാണ്, സംസ്കൃതത്തിലെ 'അദ്ധ്യാത്മരാമായണം'. പരമഭക്തനും ഭക്തിപ്രചാരകനുമായ എഴുത്തച്ഛൻ, ഈ കൃതിയെ വിവർത്തനംചെയ്യു, സഫലക്ഷ്യം പ്രാപിക്കാം എന്നു കരുതി. അപ്രകാരം ആണ്, കേരളമൊട്ടുക്ക് വമ്പിച്ച പ്രചാരം കിട്ടിയ 'അദ്ധ്യാത്മരാമായണം' കിളിപ്പാട്ടിന്റെ ഉല്പത്തി.

തുഞ്ചത്തു തുരുനാഥനശേഷം, അദ്ദേഹം ഉപയോഗിച്ച കിളിപ്പാട്ടവൃത്തംതന്നെ സ്വീകരിച്ചു്, ഒരു കവി 'വാല്മീകിരാമായണം' പരിഭാഷപ്പെടുത്തി. ആ പരിഭാഷയുടെ കർത്താവാണു് കോട്ടയത്തു കേരളവർമ്മ. പൂണ്ണനാമം വീരകേരളവർമ്മ എന്നായിരുന്നു.

പുറവഴിനാട്ടു് എന്നുക്രുടി പേരുള്ള വടക്കൻകോട്ടയത്തെ രാജകുടുംബത്തിൽ, കൊല്ലവർഷം 820–ാമാണ്ടിടയ്ക്കു്, അദ്ദേഹം ജനിച്ചു. ബാല്യത്തിൽതന്നെ ആയുധാഭ്യാസത്തിലും [1]അശ്വാരോഹണത്തിലും കേരളവർമ്മ വൈദഗ്ദ്ധ്യംനേടി. പോക്കലി ഭദ്രകാളിയെഭജിച്ചു്, ആ ദേവിയുടെ തൃക്കൈയ്യിൽനിന്നും അദ്ദേഹം പൊന്നുടവാൾ വാങ്ങിഎന്നാണു് ഐതിഹ്യം. അനന്തരം, തന്നെ ഇളയരാജാപായി വാഴിക്കുന്നതിനു പ്രതിബന്ധങ്ങൾ ഉണ്ടാക്കിയ മന്ത്രിയെ വധിക്കുകയും മാതാവിന്റെ നിർദ്ദേശമനുസരിച്ചു്, ആ പാപംതീരുന്നതിനായി തീർത്ഥസ്നാനത്തിനു പോവുകയുംചെയ്തു. 'കന്നിച്ചേവുകക്കാർ' എന്നു പേരുള്ള പതിനാറു് അങ്ങരക്ഷകന്മാരും വിദ്വാനായ ഒരു തമിഴു് ബ്രാഹ്മണനും കരുണൻ എന്ന ഒരു പിഷാരടിയും ആയിരുന്ന ആ യാത്രയിലെ അനുചരന്മാർ. യാത്രകഴിഞ്ഞു തിരിച്ചുവന്നപ്പോൾ, കോട്ടയത്തെ യുവരാജാവായി അദ്ദേഹം അഭിഷിക്തനായി. പക്ഷേ തീർത്ഥാടനത്തി

1. അശ്വാരോഹണം = കുതിരമേൽ കയറുക എന്ന പ്രവൃത്തി

ലുള്ള ആസക്തിനിമിത്തം, കേരളവർമ്മ വീണ്ടും വിദേശ പര്യടനം നടത്തി. കോഴിക്കോട്ട്, കൊച്ചി, പറവൂർ, ആലപ്പുഴ, കൊല്ലം, പരവൂർ, എന്നീ സ്ഥലങ്ങൾകടന്ന്, അദ്ദേഹം വക്കലയിൽഎത്തി. അവിടെനിന്നും തിരിച്ച്, അന്നു ആറ്റിങ്ങൽ മൂപ്പുവാണിരുന്ന അശ്വതി തിരുനാൾ ഉമയമ്മറാണിയെ സന്ദർശിച്ചു.

ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം രചിച്ച സന്ദർശനം ആയിരുന്നു അത്. വേണാട്ടരാജ്യം സംരക്ഷിക്കുന്നതിനു ശേഷിയുള്ള ഒരാൾ ഇല്ലാതിരുന്നതുകൊണ്ട്, വേണാട്ടരാജകുടുംബത്തിലേയ്ക്ക് അദ്ദേഹത്തെ റാണി ദത്തെടുത്തു. അങ്ങനെ, കേരളവർമ്മ വേണാട്ടിലെ ഇളയ രാജാവായി, റാണിയുടെ പുത്രനായ രവിവർമ്മ ആയിരുന്നു അന്നത്തെ രാജാവെങ്കിലും, അദ്ദേഹത്തിന് പതിനാറുവയസ്സു തികഞ്ഞിട്ടില്ലാതിരുന്നതുകൊണ്ട്, റാണി തന്നെ രാജ്യഭാരം നടത്തിയിരുന്നു. കേരളവർമ്മ യുവരാജാവായതിൽപ്പിന്നീട്, വേണാട്ടിൽ ഉണ്ടായ മുഖ്യ സംഭവം, 'മുകിലൻ' എന്ന പേരിൽ പ്രഖ്യാതനായ ഒരു മുഹമ്മദീയ സേനാനിയുടെ ആക്രമണം ആയിരുന്നു. തിരുവട്ടാറുവച്ചു നടന്ന യുദ്ധത്തിൽ, അയാളെ കേരളവർമ്മ തോൽപ്പിച്ചു.

അന്നു നാട്ടിൽ നിലനിന്നിരുന്ന ഒരു ദുരാചാരത്തെ, ഒരു ശാസനംമുഖേന, കേരളവർമ്മ തുടച്ചുമാറ്റി. മകരം 28-ാം തീയതി മുതൽ മേടം 10-ാം തീയതിവരെ, പുലയർ, മണ്ണാർ, എന്നീ ജാതികളിൽപ്പെട്ട പുരുഷന്മാർ,

ബ്രാഹ്മണർ, നായന്മാർ, തുടങ്ങിയ ജാതികളിൽപ്പെട്ട സ്ത്രീകളെ ഏതുവിധത്തിലെങ്കിലും സ്പർശിച്ചുപോയാൽ, ആ സ്ത്രീകൾക്ക് ജാതിഭ്രംശം കല്പിച്ചുപോന്നിരുന്നു. ഈ ആചാരത്തിനു പുലപ്പേടി എന്നും മണ്ണാർപ്പേടി എന്നും ആയിരുന്നു പറഞ്ഞുവന്നതു്. ഈ അന്ധാചാര്യയെ കേരളവർമ്മ നിരോധിച്ചു.

ആഭ്യന്തരകലാപങ്ങൾ അമർച്ചവരുത്താനായിരുന്നു അദ്ദേഹത്തിന്റെ അടുത്തശ്രമം. അതിനായി മധുരനായിക്കന്റെ ഒരു സൈന്യത്തെ വരുത്തി, അവരുടെ സഹായത്തോടുകൂടി, അദ്ദേഹം കലാപകാരികളെ നശിപ്പിച്ചു. അതിനുശേഷം കേരളവർമ്മ ചില പുതിയ മന്ത്രിമാരെ നിയമിച്ചതുകൊണ്ടു്, പഴയ മന്ത്രിമാർ ക്ഷോഭിച്ചു. അവർ അദ്ദേഹത്തെ വധിക്കണമെന്നു് ഗൂഢമായി ആലോചിച്ചു. ഈ ആലോചനയുടെ ഫലമായി അദ്ദേഹം 871-ാമാണ്ടു് കർക്കടകം 22-ാംതീയതി വധിക്കപ്പെട്ടു.

ഉദ്ദേശം 854 മുതൽ 871 വരെയാണു്, കേരളവർമ്മ തിരുവിതാംകൂർ ഇളയരാജാവായിരുന്നതു്. അതിനിടയ്ക്കു് അദ്ദേഹം രചിച്ച കൃതികളിൽ ഒന്നാണു്, വാല്മീകിരാമായണം പരിഭാഷ. മറ്റു കൃതികളായി കരുതപ്പെട്ടുന്നതു്, 'പാതാളരാമായണം', 'ബാണയുദ്ധം' 'വൈരാഗ്യചന്ദ്രോദയം,' 'മോക്ഷദായകപ്രകരണം', 'ഭീഷ്മോപദേശം,' എന്നീ ഭാഷാഗാനങ്ങളും 'പടസ്തുതി' എന്ന ഭാഷാസ്തോത്രവുമാണു്. വാല്മീകിരാമായണം സുന്ദരകാണ്ഡംവരെ മാത്രമേ അദ്ദേഹം വിവർത്തനംചെ

യ്തിട്ടുള്ള എന്നു് ചിലർ അഭിപ്രായപ്പെടുന്നു. യുദ്ധകാണ്ഡവും ഉത്തരകാണ്ഡവും മറ്റാരോ പിൽക്കാലത്തു് എഴുതിച്ചേർത്തവയാണത്രേ.

പാമരന്മാക്കും മനസ്സിലാകത്തക്കവിധത്തിൽ, ലളിതവും പ്രസന്നവുമായി വാല്മീകിയുടെ കാവ്യം വിവർത്തനംചെയ്യണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ആ ആഗ്രഹം സാധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. [1]അക്ലിഷ്ടമനോഹരമാണു് അദ്ദേഹത്തിന്റെ രചനാശൈലി. [2]പ്രയുക്തപദങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കുന്നതു് അദ്ദേഹം മോശമായി കരുതുന്നില്ല. [3]ആജ്ജവം കേരളവർമ്മയുടെ കവിതയിൽ കാണുന്ന മുഖ്യഗുണമാണു്.

നിങ്ങൾ അടുത്തു വായിക്കാൻപോകുന്ന കാവ്യഭാഗം രാമായണം തർജ്ജമയിലെ ഉത്തരകാണ്ഡത്തിൽനിന്നും ഉദ്ധരിച്ചിട്ടുള്ളതാണു്.

---

1. അക്ലിഷ്ടമനോഹരം = മനസ്സിലാക്കാൻ പ്രയാസം ഇല്ലാത്തതും ഹൃദ്യവും
2. പ്രയുക്തപദങ്ങൾ = പ്രയോഗിക്കപ്പെട്ട വാക്കുകൾ
3. ആജ്ജവം = നേരേ ചൊവ്വേ പറയുന്ന ശീലം.

രാവണവധംകഴിഞ്ഞു്, അഗ്നിപ്രവേശംമുഖേന സപരിശുദ്ധി തെളിയിച്ച സീതയോടുക്രൂടി, രാമൻ അയോദ്ധ്യയിൽ എത്തുന്നു. ദീർഘകാലത്തെ ഒരിതാനുഭവങ്ങൾക്കുശേഷം, അദ്ദേഹത്തിനു് അല്പം ഒരു സ്വസ്ഥത അന്നു കിട്ടി അതു് സമ്പൂർണ്ണ വിശ്രമം ആയിരുന്നു എന്നു പറഞ്ഞുക്രൂടാ. രാജ്യരക്ഷ എന്ന ഒഷ്കരമായ കൃത്യം അദ്ദേഹത്തിനു് അനുഷ്ഠിക്കേണ്ടിയിരുന്നു. അതിൽ അല്പവും ഉപേക്ഷകാണിക്കാൻ ഒരുക്കമുള്ള ആളല്ല ധർമ്മനിഷ്ഠനായ രാമൻ. പനിനീർപ്പൂക്കൾ വിരിച്ച മെത്ത അല്ലല്ലോ, ഒരു ഉത്തമഭരണകർത്താവിനു തല ചായ്ക്കാൻ ലഭിക്കുക. പക്ഷേ, സീതയുടെ സ്നേഹശീതളമായ പരിചരണങ്ങൾ ശ്രീരാമനു് ഒരു അനുഗ്രഹംതന്നെ ആയിരുന്നു.

1. ഗർഭിണിയുടെ ആശ

സീതയാം ദേവിയോടൊത്തു വാണീടുന്ന
1സീതാപതി രാമചന്ദ്രൻ വിളങ്ങിനാൻ
നിത്യമരുന്ധതിയൊത്തുവാഴും ബ്രഹ്മ
പുത്രൻ 2വസിഷ്ഠമുനിയെന്നതുപോലെ. 4

ഇത്ഥമസ്സീതാരഘൂത്തമന്മാർ ചിരം
3മുത്താന്ത സൗഖ്യമായ് ക്രീഡിച്ചിരിക്കവേ
എപ്പൊഴും 4ഭോഗം വളർക്കും ശിശിരമാം
കെല്പാന്കാലം കഴിഞ്ഞിതു ഭംഗിയിൽ. 8

അന്നൊരുനാൾ ധർമ്മപത്നിയെ 5ദൗഹൃദ
ചിഹ്നങ്ങളോടൊത്തു കണ്ടുടൻ രാഘവൻ

---

1. സീതാപതി = സീതയുടെ ഭർത്താവു്
2. വസിഷ്ഠൻ സൂര്യവംശരാജാക്കന്മാരുടെ കുലഗുരുവും അരുന്ധതി അദ്ദേഹത്തിന്റെ പതിവ്രതാരത്നമായ ഭാര്യയും ആയിരുന്നു.
3. മുത്താന്ത് = മുത്തു് (സന്തോഷം) പ്രാപിച്ചു്
4. ഭോഗം = സുഖം; അനുഭവം; സന്തോഷം
5. ദൗഹൃദം = ഗർഭം

തന്നുള്ളിൽ [1]നിസ്തുല ഹർഷമേന്തിടിനാൻ
നന്നുനന്നെന്നതിമോദേന ചൊല്ലിനാൻ. 12

പിന്നെ[2]സ്സുരസ്ത്രീ സമാനയായീടുന്ന
സുന്ദരി തന്നോട് ചൊന്നാൻ മധുരമായ്.
[3]"ബന്ധുരഗാത്രി! വൈദേഹീ! നമുക്കിഹ
സന്തതിലാഭമുണ്ടാമിനി വൈകാതെ. 16

എന്തു നീ ചിന്തേ കൊതിക്കുന്നു സുന്ദരീ!
എന്തൊരു [4]കാമംനിനക്കു ചെയ്യേണ്ടു ഞാൻ?"
പുഞ്ചിരിച്ചന്ദ്രിക തൂകിയന്നേരമ
[5]ചഞ്ചലാക്ഷീമണി ഭർത്താവൊടോതിനാൾ. 20

"പുണ്യങ്ങളാകും തപോവനദേശങ്ങൾ
ചെന്നുകണ്ടീടുവാനുള്ളിലുണ്ടാഗ്രഹം.

---

1. നിസ്തുലഹർഷം = തുല്യമില്ലാത്ത സന്തോഷം
2. സുരസ്ത്രീ സമാന = ദേവസ്ത്രീകൾക്കു തുല്യമായിട്ടുള്ളവൾ
3. ബന്ധുരഗാത്രി = സുന്ദര ശരീരിണി
4. കാമം = ആഗ്രഹം
5. ചഞ്ചലാക്ഷീമണി = ചഞ്ചലാക്ഷികളിൽവച്ച് (ഇള കുന്ന കണ്ണോടുകൂടിയവരിൽവച്ച്) (സുന്ദരിമാരിൽവച്ച്) രത്നമായിട്ടുള്ളവൾ.

ഗംഗാനദി തന്റെ തീരേവസിക്കുന്ന
[1]തുംഗതേജസ്സെഴും [2]താപസപുംഗവർ 24

എന്നും ഫലമൂലമാത്രം ഭുജിക്കുമ–
പ്പുണ്യവാന്മാരെ നമിപ്പാൻ കൊതിപ്പുഞാൻ.
എന്നുള്ളിലാഗ്രഹം പാത്താലിതുതന്നെ
ധന്യരാം താപസന്മാർ തൻതപോവനേ 28

പാദശുശ്രൂഷചെയ്യേകനാളെങ്കിലും
മോദേന പാത്തീടണം രഘുനന്ദനാ!"
അങ്ങനെതന്നെയെന്നേവം പ്രതിജ്ഞയും
മംഗലാത്മാ ചെയ്തു ചൊല്ലിനാൻ രാഘവൻ. 32

"[3]നാളീകലോചനേ! വിശ്വസിച്ചീടുക
നാളെഗ്ഗമിക്കാമതിനില്ല സംശയം." 34

ചോദ്യം

1. രാമനും സീതയുമായുള്ള സംഭാഷണം ഗദ്യത്തിൽ പരാവർത്തനംചെയ്യുക.

---

1. തുംഗതേജസ്സ് = അധികമായ പ്രകാശം
2. താപസപുംഗവർ = താപസശ്രേഷ്ഠന്മാർ
3. നാളീകലോചന = താമരയിതൾപോലുള്ള കണ്ണോടുകൂടിയവൾ.

2. ഓക്കാപ്പുറത്തെ അടി

[1]മന്ത്രതത്ത്വങ്ങളെല്ലാമറിഞ്ഞീടുന്ന
മന്ത്രിമാരും പടനായകന്മാരുമായ്
[2]ആസ്ഥാനമണ്ഡപം പൂക്കരുളീടുന്ന
പൃത്ഥ്വീശനെ ഖ്ഭജിച്ചീടുന്നു സൂരികൾ. 38

ഓരോ തരമാം കഥകളെയൊക്കവേ
പാരം പരിഹാസമാംവിധം ചൊല്ലുവോർ
ആയവർചൊല്ലും കഥയൊന്നവസാന-
മായപ്പൊളു[3]ഴീ പതിയങ്ങരുൾചെയ്തു. 42

"[4]ഭദ്ര! നീ ചൊൽകെടോ പട്ടണം തന്നിലു-
മത്തരം നാട്ടിലുമെന്തുണ്ടു വാർത്തകൾ?

---

1. മന്ത്രതത്ത്വങ്ങൾ = രാജ്യകാര്യസംബന്ധമായ തത്ത്വങ്ങൾ
2. ആസ്ഥാനമണ്ഡപം = രാജാക്കന്മാർ രാജ്യകാര്യങ്ങൾ വിചാരിക്കുവാൻ ഉപയോഗിക്കുന്ന പ്രത്യേക മണ്ഡപം
3. ഊഴീപതി = ഭൂമിയുടെ ഭർത്താവു് = രാജാവു്
4. ഭദ്രൻ = നാട്ടുകാര്യങ്ങൾ മനസ്സിലാക്കിവരാൻ നിയുക്തനായിട്ടുള്ള ഒരാളിന്റെ പേരു്.

എന്നെക്കുറിച്ചെന്തു പൊല്ലുന്നിതുപുരം
തന്നിലും നാട്ടിലും വാണീടുമാളുകൾ. 46

1വൈദേഹിയെക്കുറിച്ചെന്തുചൊല്ലീടുന്നു
സോദരനാകും ഭരതനെപ്പറ്റിയും
എന്തുവാൻ ലക്ഷ്മണൻ തന്നെക്കുറിച്ചുമ
ങ്ങെന്തുവാൻ ശത്രുഘ്നനെപ്പറ്റിയുമവർ 50

രാജ്യംപരം ശ്രേഷ്ഠമെന്നിരുന്നീടിലും
രാജാവിനെക്കുറിച്ചോതീടുമാളുകൾ."
ഇത്തരം രാമൻ പറഞ്ഞോരു നേരത്തു
ഭദ്രനമഞ്ജലി ബന്ധിച്ചു ചൊല്ലിനാൻ. 54

2"പത്തനത്തിങ്കലും നാട്ടിലുമുള്ളോരു
മർത്ത്യർതൻ വാർത്തകളേറെ ശുഭങ്ങളാം.
രാവണനെക്കൊന്ന നേടിയൊരിജ്ജയ
3മാവിർമുദാ പുരവാസികളേവരും 58

---

1. വൈദേഹി = വിദേഹരാജാവിന്റെ പുത്രി = സീത

2. പത്തനം = പട്ടണം (രണ്ടും ഒരു വാക്കുതന്നെയെന്നും അഭിപ്രായമുണ്ട്.)

3. ആവിർമുദാ = പ്രകടമായ സന്തോഷത്തോടെ.

നാട്ടിൽ വാണീടുന്നവരും പല വട്ട
മേറിയം പുകഴ്ത്തിപ്പറയുന്ന ഭൂപതേ!"
ഇത്തരം ഭദ്രൻ പറഞ്ഞതു കേട്ടപ്പോൾ
[1]പൃത്ഥ്വീപതിയാം രഘൂത്തമൻ ചൊല്ലിനാൻ. 62

"നമ്മെക്കുറിച്ചു പൗരന്മാർ പറയുന്ന
നന്മയും തിന്മയുമായുള്ളവാക്കുകൾ
സർവവും ശേഷമെന്യേ പരമാർത്ഥമായ്
ചൊവ്വോടു ചൊല്ലീടുകെന്നോടു ഭദ്ര! നീ. 66

എന്നാലതു കേട്ടു നന്മകൾ ചെയ്തിടാം
പിന്നീടതുഭംഗം ചെയ്യാതിരുന്നിടാം.
മൂഢരാം പൗരരും നാട്ടുകാരും ചൊല്ല-
[2]മീടറ്റ വാക്കുകളും വഴിപോലെ നീ 70

[3]ആടലുമേറിയം വിഷാദവും ഭീതിയും
കൂടാതെ വിശ്വാസമോടും പറയുക."
ഇങ്ങനെ രാഘവ രാജാവുചൊല്ലുന്ന
ഭംഗിയേറീടും മൊഴിയതു കേട്ടുടൻ 74

---

1. പൃത്ഥ്വീപതി = ഭൂവല്ലഭൻ = രാജാവു്

2. ഈടറ്റ = നിസ്സാരമായ = കനമില്ലാത്ത

3. ആടൽ = ഇളക്കം = പരിഭ്രമം.

1അഞ്ജലിക്കുപ്പി 2സ്സമാഹിതനായ് 3ഭൂപ
കുഞ്ജരൻ തന്നോടണത്തിച്ചു ഭദ്രനും.
"മന്നവ! കേട്ടരുളീടുക പൗരന്മാർ
നന്മയും തിന്മയും ചൊല്ലുന്നതാകവേ 78

4ചതുര 5രഥ്യാ 6പണാദികം തന്നിലു-
മത്തരം പൂങ്കാവിലും വനത്തിങ്കലും
മറുള്ള ദേശങ്ങൾ തന്നിലുമാളുകൾ
മുറുമേവം പറഞ്ഞീടുന്നു പാർത്ഥിവാ! 82

'പോരിൽ ദശാനനനെക്കൊന്ന രാഘവ
വീരൻ ജനകേശപുത്രിയെ വീണ്ടുടൻ
വന്നോരമർഷത്തെ യാകവേ തീർത്ഥ
പിന്നെയും തൻഗൃഹേ കൊണ്ടുവന്നീടിനാൻ. 86

സീതതൻസാമീപ്യമൂലമുണ്ടാംസുഖ-
മേതൊരുമട്ടിലുണ്ടാമവന്നുംതടേ.

---

1. അഞ്ജലി = കൂപ്പുകൈ
2. സമാഹിതൻ = മനസ്സിരുത്തിയവൻ = ശ്രദ്ധിക്കുന്നവൻ
3. ഭൂപകുഞ്ജരൻ = രാജശ്രേഷ്ഠൻ
4. ചതുരം = നാലുകൂട്ടംവഴി
5. രഥ്യ = പ്രധാനവീഥി
6. ആപണം = അങ്ങാടി.

പണ്ടവളെത്തന്നെയല്ലേ ബലാൽ ദശ
കണ്ഠൻ മടിയിൽ വച്ചാരാൽ ഹരിച്ചതും 90.

ലങ്കാപുരിക്കായവൻ കൊണ്ടുപോയതും
പൂങ്കാവിനുള്ളിൽ പ്രവേശിച്ചു വച്ചതും?
1രക്ഷോവശയായിരുന്നോരവളെയ
ങ്ങിക്ഷ്വീതീശൻ നിന്ദചെയ്യാഞ്ഞതെന്തഹോ! 94

നമ്മുടെ ഭാഗ്യമാർ തെറ്റുചെയ്തീടിലോ
നമ്മളുമൊക്കെ സ്സഹിക്കേണ്ടതായ്വരും.
രാജാവു ചെയ്യുന്ന കമ്മങ്ങളെയല്ലോ
രാജപ്രജകളനുസരിക്കേണ്ടതും?' 98

ഇത്തരമോരോവിധം വചനങ്ങളെ
2പ്പത്തനസീമ്നി വാണീടുന്നൊരു ജനം
നാട്ടിലെങ്ങും നഗരത്തിലുമെങ്ങുമേ
ധാർഷ്ട്യമോടും പറഞ്ഞീടുന്ന ഭൂപതേ!" 102

ഇത്തരം ഭദ്രന്റെ വാക്കുകൾ കേട്ടപ്പോ-
ളാത്തനെപ്പോലെയായ്വന്നഥ രാഘവൻ

---

1. രക്ഷോവശ = രാക്ഷസന്റെ അധീനയായവൾ

2. പത്തനസീമ്നി = പട്ടണത്തിനടുത്ത്.

[1]സ്നിഗ്ദ്ധവർഗ്ഗത്തെപ്പറഞ്ഞയച്ചിട്ടഥ
ബുദ്ധിയാൽ ചിന്തിച്ചുറച്ചതിൽ പിന്നീട്ട 106

ചാരത്തുനിന്നിടും [2]ദ്വാസ്ഥനെ നോക്കിയ-
ധീരനീവണ്ണം പറഞ്ഞീടിനാൻ തദാ.
"ലക്ഷണമെല്ലാം തികഞ്ഞ സൗമിത്രിയാം
ലക്ഷ്മണൻതന്നെ വേഗം വരുത്തീടണം. 110

യോഗ്യതക്കുട്ടം ഭരതനെയുംപരം
ശ്ലാഘ്യനാം ശത്രുഘ്നനേയും വരുത്തണം." 112

ചോദ്യം

ഈ ഭാഗത്തിലെ കഥാംശത്തെ നാടകീയസംഭാഷണത്തിൽ കൂടി അവതരിപ്പിക്കുക.

---

1. സ്നിഗ്ദ്ധവർഗ്ഗം = സ്നേഹമുള്ള ആളുകൾ

2. ദ്വാസ്ഥൻ = ദ്വാരപാലകൻ.

3. രാജാവിന്റെ നിശ്ചയം

ഇത്തരം മന്നവൻ കല്പിച്ചുരുവിധം
[1]വൃത്രാരി തേജസ്സെഴുമക്കുമാരരും
അഞ്ജലി ബന്ധിച്ചു പാരംവിനീതരാ-
[2]യഞ്ജസാ ചെന്നാർ സമാഹിതരായ് തദാ. 116

അന്നേരമങ്ങവർ കണ്ടിതു രാഘവൻ
തന്നാനനം [3]ഗ്രസ്തചന്ദ്രനെപ്പോലെയും
[4]സന്ധ്യാഗതനാം ദിനേശനെപ്പോലെയും
കാന്തിയെല്ലാംപോയി മങ്ങിട്ടിരിപ്പതും, 120

ഏറെറംമതിയെഴും രാമന്റെ കണ്ണിൽനിന്നു-
ന്നിറിറിറു ധാരയായശ്രു വീഴുന്നതും.

---

1. വൃത്രാരിതേജസ്സ് = വൃത്രാരിയുടെ (വൃത്രൻ എന്ന അസുരനെ വധിച്ച ഇന്ദ്രന്റെ) തേജസ്സ് = പ്രകാശം

2. അഞ്ജസാ = പെട്ടെന്നു്

3. ഗ്രസ്തചന്ദ്രൻ = ഗ്രസ്തമായ (വിഴുങ്ങപ്പെട്ട) ചന്ദ്രൻ = രാഹുവാൽ വിഴുങ്ങപ്പെട്ട ചന്ദ്രൻ = ഗ്രഹണകാലത്തെ ചന്ദ്രൻ

4. സന്ധ്യാഗതൻ = സന്ധ്യയ്ക്കു ഗതനായവൻ = സന്ധ്യയ്ക്കു് അസ്തമിച്ചവൻ.

കാന്തയറ്റുള്ളോരു താമരപ്പൂപോലെ
[1] താന്തമാം രാമവക്ത്രം കണ്ടുടനവർ 124

[2] സത്വരം കാൽത്താരടികളിൽ വീണടി-
വാദ്യവും ചെയ്തു നമസ്കരിച്ചീടിനാർ.
ഏവരും [3] ശ്രദ്ധയാ വന്ദിച്ചിരിക്കവേ
ഭ്രവരൻ കണ്ണീർപൊഴിച്ചാനടനടൻ. 128

പിന്നീടവരെപ്പിടിച്ചെഴുനേല്പിച്ചു
മന്നവൻ കെട്ടിപ്പുണർന്നാൻ സഗദ്ഗദം.
"നിങ്ങളെല്ലാമിരുന്നീടുവിനെ"ന്നരു-
ളുങ്ങുടൻ രാമനിവണ്ണമോതീടിനാൻ. 132

"സർവസ്വവും ഭവാന്മാർതന്നെയാണെ മേ
ജീവിതവും ഭവാന്മാർ തന്നെയാണെ മേ
പുരുഷശ്രേഷ്ഠരാം നിങ്ങളെക്കൊണ്ടല്ലോ
പാരിടവും ഞാൻ ഭരിച്ചുപോരുന്നതും. 136

---

1. താന്തം = തളർന്ന

2. സത്വരം = പെട്ടെന്ന്, വേഗത്തിൽ

3. ശ്രദ്ധയാ = ശ്രദ്ധയോടെ (ശ്രദ്ധയെന്ന വാക്കിനു വിശ്വാസം എന്ന അർത്ഥവുമുണ്ട്. അപ്പോൾ 'വിശ്വാസത്തോടെ' എന്ന അർത്ഥവും പറയാം)

നീതിശാസ്ത്രങ്ങളെല്ലാമറിവോർ നിങ്ങൾ
1ബോധമുള്ളോർ ബുദ്ധിശക്തിയേറുന്നവർ.
എന്നുടെ കാര്യമായുള്ളോരിതു നിങ്ങ-
ളൊന്നിച്ചു ചിന്തചെയ്യേണം നരേന്ദ്രരേ! 140

2സീതാവിഷയേ ജനങ്ങളെന്നെക്കുറി
ച്ചോതുന്ന വാർത്താപ്രകാരം കഠോരമാം.
നാട്ടുകാരും പൗരരാകും ജനങ്ങള-
മൊട്ടുക്കപവാദമേറ്റുറയുന്നു. 144

വൈദേഹി തന്നുടെ ചാരിത്രമാഹാത്മ്യ
മേതുംതരിയാത്ത ബുദ്ധിയില്ലാത്തവർ.
സൗമ്യസൗമിത്രേ! ഭവാനറിവുണ്ടല്ലോ
3 നിർമ്മാനുഷമായ ഭണ്ഡകാരണ്യത്തിൽ 148

വന്നുവൈദേഹിയെക്കട്ടിതു രാവണൻ
ചെന്നവൻതന്നെ ഞാനും വധിച്ചീടിനേൻ.
അന്നു ഞാൻ ജാനകിതന്നെക്കുറിച്ചേവ-
മെന്നുടെ മാനസത്തിങ്കലോത്തീടിനേൻ. 152

---

1. ബോധം = അറിവ്

2. സീതാവിഷയേ = സീതയുടെ വിഷയത്തിൽ = സീതയെ സംബന്ധിച്ച്

3. നിർമ്മാനുഷം = മനുഷ്യരില്ലാത്ത

ഇപ്രദേശംതന്നിൽ വാണൊരീ സീതയെ
മൽപുരേ ഞാൻകൊണ്ടു പോകുന്നതെങ്ങനെ?
ഇത്തരംഞാൻ നിനച്ചീടുന്നതുനേരം
[1]പ്രത്യയം മേ വരുത്തീടുവാൻ സീതയും 156

ലക്ഷ്മണാ! താനും [2]സുരൗഘവും കാൺകവേ
തൽക്ഷണമഗ്നിയിൽ ചാടീടിനാളല്ലോ.
മൈഥിലി നിർദ്ദോഷയാണെന്നു പാവക
നോതിനാനാകാശവായുവുമോതിനാൻ 160

ചന്ദ്രസൂര്യന്മാരു മത്തരം ചൊല്ലിനാർ
[3]വിണ്ണവരെല്ലാം നിറഞ്ഞുനിൽക്കെപ്പുരാ.
ജ്ഞാനികളാം മുനിവൃന്ദവും ചൊല്ലിനാർ
ജാനകി നിർദ്ദോഷയാണെന്നുടനുടൻ. 164

ഏവം [4]പരിശുദ്ധ വൃത്തയാം ദേവിയെ
ദ്ദേവഗന്ധർവാദി സർവരും നില്ക്കവേ

---

1. പ്രത്യയം = വിശ്വാസം
2. സുരൗഘം = ദേവസമൂഹം
3. വിണ്ണവർ = ദേവന്മാർ
4. പരിശുദ്ധവൃത്ത = പാപമില്ലാത്ത ചരിത്രത്തോടുകൂടിയവൾ.

എൻകരം തന്നിലർപ്പിച്ചാൻ [1]ശതമഖൻ
ലങ്കയാം ദ്വീപത്തിൽ വച്ചങ്ങത്രനേരം. 168

[2]ധന്യയാം വൈദേഹി ശുദ്ധയെന്നുള്ളത്ര
നന്നായറിയുന്നിതെൻ മനസ്സാക്ഷിയും.
പാരമായുള്ളപവാദമിത്രണ്ടാക
കാരണംശോകം വളരുന്നു മാനസേ. 172

ഏതൊരുജീവിയെപ്പറ്റി ലോകത്തിങ്കൽ-
ലേതാനുമങ്ങപവാദമോത്രുന്നിതോ
ആയപവാദമില്ലാതായിടുംവരെ-
യ്ക്കായവൻ വീഴുമധമലോകങ്ങളിൽ. 176

ദുഷ്കീർത്തിയെ നിന്ദചെയ്യുന്നു ദേവകം
സൽകീർത്തി സർവലോകത്തിലും പൂജ്യമാം.
ഞാനപവാദത്തിലുണ്ടാം ഭയത്തിനാൽ
പ്രാണനെക്രൂടിയും നിങ്ങളെക്രൂടിയും 180

മാനസേ ചിന്തയെന്യേ കളഞ്ഞീടുവൻ;
ജാനകിയെപ്പിന്നെയെന്തു ചൊല്ലേണമോ?

---

1. ശതമഖൻ = ഇന്ദ്രൻ (നൂറു യാഗം ചെയ്യുവൻ എന്നു് വാക്കിനു് അർത്ഥം)

2. ധന്യ = ശ്രേഷ്ഠ.

എന്നതു മൂലമായ് [1]ശോകവാരാന്നിധി
തന്നിൽവീണേൻ ഞാനറിഞ്ഞീടുക നിങ്ങളം. 184

ഇതുമേൽ ദുഃഖം പെരുത്തൊരു പ്രാണിയെ
പ്പാത്താലൊരേടവും കാണുന്നതില്ലഞാൻ.
നാളെ പ്രഭാതേ സുമന്ത്രനാകുന്ന തേ-
രാളിയോടൊത്തൊരു തേരിൽ കരയേറി 188

സീതയെക്കൊണ്ടുപോയ് കാട്ടിൽ കളയണം
[2]വീതസന്ദേഹം സുമിത്രാത്മജാ! ഭവാൻ.
[3]ജാഹ്നവി തന്നുടെ മറേറക്കരയ്ക്കതി
പുണ്യയായീടും തമസതൻ തീരത്തിൽ 192

പൂജ്യനാം വാല്മീകി മാമുനി വാണിടും
[4]പ്രാജ്യമാം ദിവ്യാശ്രമസ്ഥലമില്ലയോ?.

---

1. ശോകവാരാന്നിധി = ശോകസമുദ്രം

2. വീതസന്ദേഹം = സന്ദേഹംക്കൂടാതെ

3. ജാഹ്നവി = ജഹ്നുവിന്റെ മകൾ (ഗംഗ) (ഒരിക്കൽ ജഹ്നുമഹർഷിയുടെ കാതിൽക്കൂടി പ്രവഹിക്കേണ്ടിവന്നതിനാൽ ഗംഗയ്ക്ക് ഈ പേരുകിട്ടി)

4. പ്രാജ്യം = ശ്രേഷ്ഠം.

തൽസമീപേ വിജനപ്രദേശത്തിങ്ക-
ലിസ്സീതയെക്കളഞ്ഞിങ്ങു 1കാകുൽസ്ഥ! നീ 196

ശീഘ്രവരിക തേ നന്മയുണ്ടാമെന്നെ
വാക്കുകേട്ടീടുക രാഘവ നന്ദനാ!
സീത തന്നെക്കുറിച്ചീ വിഷയത്തിൽ നീ
യേതും മറുത്തു ചൊല്ലീടരുതൊട്ടുമേ. 200

എന്നുടെ ശാസനം കേൾക്കുന്നവരെങ്കി-
ലിന്നു ഞാൻ ചൊന്നതു നിങ്ങൾ മാനിക്കണം.
എന്നോടുമുന്നം പറഞ്ഞിട്ടുമുണ്ടവൾ
പുണ്യഗംഗാനദീതീരത്തിലാശ്രമം 204

2ധന്യാശ്രമങ്ങളെക്കാണണമെന്നേവ
മിന്നവൾ കാമവും സാധിച്ചിതീവിധം."
എന്നുചൊല്ലി ഭാരധാരയായ് വീഴുന്ന
കണ്ണുനീരാലേ മുഖംകഴുകീടവേ, 208

---

1. കാകുൽസ്ഥൻ = കകുൽസ്ഥന്റെ വംശജൻ (കകുൽസ്ഥൻ സൂര്യവംശത്തിലെ ഒരു വിശ്രുതരാജാവായിരുന്നു.)

2. ധന്യാശ്രമങ്ങൾ = ശ്രേഷ്ഠമായ ആശ്രമങ്ങൾ.

മന്നവൻ ധർമ്മശ്രവൻ രഘുനായകൻ
മന്ദിരംപുക്കാൻ സഹോദന്മാരൊട്ടും.
ശോകവേഗത്താൽ ഹൃദയം കരിഞ്ഞവൻ
1നാഗേന്ദ്രനെപ്പോൽ ശ്വസിച്ചാനടനടൻ. 212

ചോദ്യം

1. രാമൻ ഏതു കാരണത്താലാണ് സീതയെ ഉപേക്ഷിക്കാൻ തീരുമാനിച്ചത് ?

---

1. നാഗേന്ദ്രൻ = സർപ്പരാജൻ.

4. ക്രൂരിരുട്ടിൽ

രാത്രിയുംപോയീ പ്രഭാതമായ് ലക്ഷ്മണ-
നാത്തിമുഴുത്തു മനതാരിലെത്രയും.
സീതതന്നന്തികം പ്രാപിച്ചു സീതയോ
ടോതിനാനിത്തരം പൂരുഷപുംഗവൻ. 216

1"ആര്യേ! ജനകേന്ദ്രപുത്രീ! പ്രഭവാക-
മാര്യനോടങ്ങു യാചിച്ചിതല്ലോ വരം.
മന്നവൻ താനും പ്രതിജ്ഞപോലെന്നോട്ട
പുണ്യാശ്രമേ കൊണ്ടുപോകാനരുൾചെയ്തു 220

ജാഹ്നവീതീരേ മുനിമാരരുളുന്ന
ധന്യാശ്രമങ്ങളിൽ കൊണ്ടുപോയീടുവാൻ."
ഇത്ഥം മഹാമനസ്സായ സൗമിത്രി ത-
ന്നുക്തികൾകേട്ട വൈദേഹിയാം ദേവിയും 224

നിസ്തുലസന്തോഷമുണ്ടുടൻ പോകുവാ
നത്യന്ത താല്പര്യമോടൊരുങ്ങീടിനാൾ.

---

1. ആര്യ = ശ്രേഷ്ഠയായിട്ടുള്ളവൾ (ഇത് ബഹുമാനപൂർവം സ്ത്രീകളെ വിളിക്കുന്നതിന് ഉപയോഗിക്കുന്ന വാക്കാണ്.)

അങ്ങനെ തന്നെയെന്നോതി സൗമിത്രിയു-
മംഗനാമൗലിയെ ത്തേരിൽ കരയേറ്റി 228

[1]വാജിവേഗത്താൽ ദ്രുതം ഗമിച്ചീടിനാൻ
രാജാജ്ഞയെപ്പുരം ചീണ്ടുമോത്തീടിനാൻ.
സീതയാമ[2]സ്സതീരത്നം വഴിയിൽ വ-
ച്ചോതിനാം ധീരനാം സൗമിത്രിയോടിദം. 232

"[3]ദുന്നിമിത്തങ്ങളോരോന്നനേകം പര-
മിന്നുകണ്ടീടുന്നു രാഘവ നന്ദനാ!.
[4]ദക്ഷിണമാമെന്റെ ലോചന മാട്ടുന്നി-
തിക്ഷണം ഗാത്രമെല്ലാം വിറച്ചീടുന്നു. 236

ചിത്തത്തിനുമൊരു സ്വാസ്ഥ്യമില്ലാത്ത മ-
ട്ടെത്രയുമിപ്പോൾ പിടയ്ക്കുന്ന ലക്ഷ്മണാ!.
പാരമാമുൽസുക്യമുണ്ടായിടുന്നു മേ
പാരമധൈര്യവും വന്നുകൂടുന്നു മേ. 240

പാരിതെല്ലാം ശൂന്യമെന്നതുപോലെയി
ന്നാരാൽ മമ ഹൃദി തോന്നുന്ന ലക്ഷ്മണാ!.

---

1. വാജി = കുതിര
2. സതി = പതിവ്രത
3. ദുന്നിമിത്തങ്ങൾ = ചീത്ത ശകുനങ്ങൾ
4. ദക്ഷിണം = വലത്തുവശത്തെ.

നിന്നുടെ സോദരനാകുമദ്ദേഹത്തെ
യെന്നുള്ളിലത്യന്തമോമ്മ വന്നീടുന്നു. 244

എന്നല്ല [1]ഭിരാമനാകിയോരദ്ദേഹ
മെന്നുള്ളിൽനിന്നു പോകുന്നീല ലക്ഷ്മണാ!.
നിന്നണ്ണനായൊരദ്ദേഹത്തിനെന്നുമേ
നന്മയുണ്ടാകേണമേ [2]ഭ്രാതൃവത്സലാ! 248

എന്നുടെ [3]ശ്വശ്രൂജനത്തിനെല്ലാം ഭേദ
മെന്നിയേ നന്മവരേണമേ ലക്ഷ്മണാ!
[4]ഊനമെന്യേ പുരദേശങ്ങളിലെഴും
പ്രാണികൾക്കെല്ലാം ശുഭം ഭവിക്കേണമേ." 252

ഇത്ഥംതൊഴുതുകൊണ്ടീശ്വരന്മാരോട്ട
[5]സാധ്വീകുലോത്തമയാളിരുന്നീടിനാൾ.
ഇത്തരമോതുന്നതുകേട്ട ലക്ഷ്മണൻ
പ്രഥ്വീശ്വരനിയെത്താണ കുമ്പിട്ടുടൻ 256

---

1. അഭിരാമൻ = സുന്ദരൻ

2. ഭ്രാതൃവത്സലൻ = സഹോദരസ്നേഹമുള്ളവൻ

3. ശ്വശ്രൂ = ഭർത്താവിന്റെ അമ്മ

4. ഊനം = കുറവു്

5. സാധ്വി = സുചരിത.

എല്ലാക്കുമേ ശുഭമെന്നതി 1ധൃഷ്ടനായ്
ചൊല്ലീടിനാനരുകീടും മനസ്സോടും.
പിന്നെ 2ത്രിപഥഗ തൻ മരുതീരത്തു
ചെന്നണഞ്ഞീടിന ശേഷമാലക്ഷ്മണൻ 260

കണ്ണീരിൽമുങ്ങിക്കരങ്ങളം കൂപ്പിക്കൊണ്ടു
മന്നവപതിയോടിത്തരം ചൊല്ലിനാൻ.
"ചിത്തംപിളരുന്ന 3ഹൃദ്ഗതശല്യമി
തിത്തരം ബുദ്ധിമാനാകും മമാഗ്രജൻ 264

ഇക്കാര്യമെന്നോടു കല്പിക്കയാൽലോക
മൊക്കെയുമെന്നെ ദുഷിക്കുമാറായല്ലോ.
ഇന്നിതിനെക്കാളും മരിക്കയാണുത്തമം
വന്നിടുന്നില്ല മേ മൃത്യുവും 4മൈഥിലീ! 268

---

1. ധൃഷ്ടനായ് = ധൈര്യമുള്ളവനായി. (ലജ്ജയില്ലാത്തവനായി എന്നും അർത്ഥമുണ്ട്)

2. ത്രിപഥഗ = ഗംഗ

3. ഹൃദ്ഗതശല്യം = ഉള്ളിൽ കടന്ന അമ്പ് ('ശല്യ'ത്തിനു് ഉടക്കുളി, കന്തം, എന്നീ അർത്ഥങ്ങളും പറയാം.)

4. മൈഥിലി = മിഥിലരാജാവായ ജനകന്റെ പുത്രി = സീത.

ഇങ്ങനെയുള്ളൊരു നിന്ദ്യകർമ്മംചെയ്യാ
നിങ്ങനെ കല്പിക്കരുതു മാമൈപ്പൊഴം.
ദേവീ! [1]പ്രസീദ പ്രസീദ മാം പാപിയെ
ന്നേവമെന്നെഴുപിച്ചീടരുതേ ശ്രുഭേ!" 272

ഇത്തരം ചൊല്ലിത്തൊഴുതുകൂപ്പിക്കൊണ്ടു
പ്രത്ഥിയിൽ വീണിടിനാൻ സുമിത്രാത്മജൻ
മൃത്യുവെക്കാംക്ഷിച്ചു കൈകളും കൂപ്പിക്കൊണ്ടു
[2]ധാത്രിയിൽ വീണു കേഴുന്ന സൗമിത്രിയെ 276

സാധ്വീമണിയായ സീത കണ്ടേറെറവു-
മാത്തയായ് ലക്ഷ്മണനോടുചൊല്ലീടിനാൾ.
"എന്തിതു ഞാനറിയുന്നീല ലക്ഷ്മണാ!
എന്താകിലും പരമാർത്ഥം പറകനീ. 280

ഭ്രമീശനാണെ സത്യംപറയേണമേ
നീ മനസ്താപപ്പെട്ടതിൻകാരണം."
ഇത്തരം സീതതൻ നിർബ്ബന്ധവാക്കുകേ-
ട്ടത്തൽമുഴുത്തതിദീനനായ് ലക്ഷ്മണൻ 284

---

1. പ്രസീദ = അനുഗ്രഹിച്ചാലും

2. ധാത്രി = ഭൂമി

[1]ബാഷ്പാകുലനായ് മുഖംതാഴ്ത്തിയിങ്ങനെ
യപ്പോൾവചസ്സിടറിക്കൊണ്ടു ചൊല്ലിനാൻ.
"[2]അത്യന്തദാരുണമായോരപവാദം
പൃഥ്വീപതി സഭാമധ്യത്തിൽവച്ചഹോ 288

നാട്ടിലും പട്ടണംതന്നിലുമങ്ങയെ
പ്പറ്റിപ്പരം പറയുന്നതായ് കേട്ടടൻ
കാളിട്ടം മാനസത്തോട്ട മാമാജ്ഞചെ-
യ്താലയമുംപൂക്കിരുന്നാൻ നരേശ്വരൻ. 292

ക്ഷോണീശനേറ്റം പരിഭവമോടുമെൻ
മാനസേ [3]വിന്യസിച്ചുള്ള വാക്യങ്ങളെ
ദേവി! നിൻമുന്നിൽനിന്നെന്താകിലും മമ
ചൊൽവാനരുത്ത പ്രസീദ പ്രസീദ മേ. 296

ലോകാപവാദം ഭയപ്പെട്ടുപേക്ഷിച്ചു
രാഘവനന്യഥാ ചിന്തിയായ്ത്തുമേ.
പുണ്യാശ്രമങ്ങൾംക്കരികെ ഖ്ഭവതിയെ
യിന്നഹോ ഞാൻ ത്യജിക്കേണം നൃപാജ്ഞയാ. 300

---

1. ബാഷ്പാകുലൻ = കണ്ണുനീർകൊണ്ടു വാടിയവൻ

2. അത്യന്തദാരുണം = അതികഠിനം = അതിഭയങ്കരം

3. വിന്യസിച്ചുള്ള = വച്ചിട്ടുള്ള, പതിച്ചിട്ടുള്ള.

ഭൂപതിശാസനം മൂലവും ദൗഹൃദം
പ്രാപിച്ചതുകൊണ്ടുമാര്യേ! ക്ഷമിക്കണേ.
[1]സാധുപീകുലോത്തംസമാകുംഭവതിയാ
[2]സ്നിഗ്ദ്ധനാംരാമനെച്ചിന്തിക്ക സർവദാ. 304

അത്തരംചെയ്താൽ ഭവതിക്കു മേൽക്കുമേ-
ലെത്തീടുമേ പരം ശ്രേയസ്സു ജാനകീ!
ലാളിച്ചതാകിലും ശിക്ഷിക്കിലുംസദാ
കാലവും സ്ത്രീകൾക്കു ദൈവം പതിയല്ലോ." 308

ചിത്തം പിളരുന്ന ലക്ഷ്മണവാക്കുക
ളിത്തരം കേട്ടൊരുനേരത്തു സീതയും
കാളും മനസ്സൊട്ടു വീണിതു ഭൂതലേ
[3]മൂലമറുത്ത ലതയെന്നതുപോലെ. 312

അല്പനേരം [4]സംജ്ഞപോലുമില്ലാതെയായ്
ബാഷ്പാകുലേക്ഷണയായുണർന്നീടിനാൾ.
ദീനയായ് മാനസം വെന്തുരുകിപ്പിന്നെ
ജാനകി ലക്ഷ്മണനോടു ചൊല്ലീടിനാൾ. 316

---

1. സാധുപീകുലോത്തംസം = സുചരിതകുളടെ വംശത്തിനു് ശിരോലങ്കാരം
2. സ്നിഗ്ദ്ധൻ = സ്നേഹശീലൻ
3. മൂലം = വേരു്
4. സംജ്ഞ = ബോധം.

"എന്നുടെ ദേഹത്തെ ദുഃഖത്തിനായ്ച്ചാണ്ടു
തന്നെ സൃഷ്ടിച്ചതു [1]ധാതാവു നിശ്ചയം.
ഈവിധം ദുഃഖസാത്രുപിണിയായി ഞാൻ
കേവലം തീർന്നിതല്ലോഭവി ലക്ഷ്മണാ!. 320

[2]ദുഷ്കൃതമെന്തോന്നു ചെയ്തുഞാൻ മുജ്ജന്മ-
മാക്കു ഞാൻ ഭാര്യാവിയോഗംവരുത്തിനേൻ.
ശ്രുഭപാതിവ്രത്യനിഷ്ഠയുള്ളോരെന്നെ
യിത്തരം ദൂരെ ത്യജിച്ചിതല്ലോ നൃപൻ. 324

എന്തോനിമിത്തംവശാൽ താൻ ത്യജിച്ചിതു
[3]സിന്ധുഗംഭീരാശയൻ രഘുനായകൻ.
ഗംഗാജലത്തിലിപ്പോഴംതന്നെ ഞാൻദൃത
മിങ്ങനെറ ദുർജീവിതത്തെക്കളകിലോ 328

എന്നുടെ ഭർത്തൃവംശം നശിക്കും പര
മെന്നതുകൊണ്ടതിനും കഴിവില്ലല്ലോ.
കല്പനപോലെ നീ ചെയ്ത ദുഃഖാബ്ധിയിൽ
കീഴ്പോട്ടുപോയീടുമെന്നെക്കളക നീ. 332

---

1. ധാതാവു് = ബ്രഹ്മാവു്

2. ദുഷ്കൃതം = പാപകൃത്യം

3. സിന്ധുഗംഭീരാശയൻ = സമുദ്രത്തെപ്പോലെ ഗംഭീരമായ മനസ്സോടുകൂടിയവൻ.

1പൃഥ്വീന്ദ്രശാസനേ നില്ക്കുനീ സൗമ്യ! ഞാ
2നദ്യയൊല്ലുന്നതുകൂടി ശ്രവിക്കനീ.
ശത്രുജനത്തൊടെല്ലാം ഭേദമെന്നിയേ
നിശ്ചലഭക്ത്യാ തൊഴുതു കുമ്പിട്ടഞാൻ 336

ചേതസാ പാരം വിനീതയായ്ക്ഷേമങ്ങൾ
ചോദിച്ചിട്ടുന്നതു ചൊൽകനീ ലക്ഷ്മണാ!.
രാജാവിനോടും ശിരസാവണങ്ങിഞാൻ
വ്യാജംവിനാ കുശലങ്ങൾ ചോദിപ്പതും 340

മറ്റുള്ള വന്ദ്യജനത്തൊട്ടുമൊക്കവേ
മുറ്റുമെൻവന്ദനം ചൊല്ലുക ലക്ഷ്മണാ!.
ധർമ്മങ്ങളിൽപരം ശ്രദ്ധയാ വാഴുന്ന
ഭ്രൂമീശനോടുഞാൻ ചൊൽവതായ്ചൊല്ലുനീ. 344

സീത സംശ്രദ്ധയാണെന്നതു തത്ത്വമായ്
ബോധിച്ചിട്ടുന്നിതല്ലോ ഭവാൻ രാഘവാ!
ഭക്തിയത്യന്തം ഭവാനിലുണ്ടെന്നതും
നിത്യവും തേ ഹിതം നോക്കുന്നവളെന്നും 348

---

1. പൃഥ്വീന്ദ്രശാസനേ = രാജാവിന്റെ ആജ്ഞയിൽ

2. അദ്യ = ഇപ്പോൾ

നന്നായറിഞ്ഞിരിക്കുന്നവനാം ഭവാ
നിന്നപവാദത്തിലുണ്ടാം ഭയത്തിനാൽ
മന്നവവീര! കാട്ടിൽ കളഞ്ഞീടിനാ–
നെന്നെയെന്നുള്ളതു നല്ല യുക്തമതവ. 352

പാത്താലപവാദമൂലമായങ്ങേയ്ക്ക
കീർത്തികേടുണ്ടായ് വരുന്നതാണെങ്കിലോ
തീർത്തുകൊള്ളേണ്ടതാണായതു ഞാനെനി
ക്കോത്താൽപരമാം ഗതി ഭവാൻ താനല്ലോ. 356

ധർമ്മത്തിലേറവും താല്പര്യമാർന്നീട്ട
മമ്മന്നനോടിതും ചൊൽക ഞാൻ ചൊന്നതായ്.
തന്നുടെ ഭ്രാതാക്കളിലെന്നപോലെതാ–
നെന്നുമേ വർത്തിക്ക പൗരജനങ്ങളിൽ. 360

മന്നവ! പൗരജനങ്ങളിൽ ധർമ്മത്തൊ
ടെന്നുമേ തെറ്റാതെ വാഴുന്നതുതന്നെ
എതുമുപ്യമായീടും [1]വേദ്യമ്മ–
മുത്തമകീർത്തിയുമുണ്ടാമതുമൂലം. 364

---

1. വേദ്യമ്മം = വേത് + ധമ്മം = ഭവേദ്യമ്മം = അങ്ങയുടെ കർത്തവ്യം. സന്ധിയിൽ 'ത'കാരം പോയി 'ദ'കാരം വരുന്നു. (ആദേശം)

പൗരരോതുന്നൊരയശസ്സിനെപ്പററി
യേറെയും ഞാനതുശോചിപ്പതുപോലെ
എന്നുടെയിഷ്ടരീതത്തെക്കുറിച്ചുഞാ–
നെന്നുള്ളകൊണ്ടതുശോചിപ്പിതില്ലിഹ. 368

ഭർത്താവുതാൻ ദൈവമായതു നാരിക്കു
മിതുവുമാചാര്യനും പതിതന്നെയാം.
അതുകയാൽ പ്രാണങ്ങൾകൊണ്ടും പതിപ്രിയ–
മാകുന്നതു ചെയ്യുവേണം വിശേഷിച്ചും. 372

ഇത്തരം ഞാനരചെയ്തതായങ്ങു നീ
1ധാത്രീപതിയോടു ചൊൽക നീ ലക്ഷ്മണാ!"
ഇത്ഥമാവൈദേഹി ചൊല്ലുന്നനേരത്തി
ലെത്തുയും ദീനഹൃദയനായ് ലക്ഷ്മണൻ 376

പൃഥ്വിയിൽ വീണു വന്ദിച്ചങ്ങു മിണ്ടുവാൻ
ശക്തിയില്ലാതെ കിടന്നു തേങ്ങീടിനാൻ.
വാവിട്ടുറക്കെക്കരഞ്ഞുകൊണ്ടായവൻ
ദേവിയെക്കുറ്റിപ്പ് പ്രദക്ഷിണംചെയ്തുടൻ 380

---

1. ധാത്രീപതി = രാജാവു്.

പിന്നെയുമല്പം നിനച്ചു ചൊല്ലീടിനാ-
"നെന്നോടീവണ്ണം പറയുന്നതെന്തയ്യോ!.
നിൻതിരുമെയ്യ കണ്ടിട്ടില്ല ഞാൻ മുമ്പു
ചെന്താരടികംമാത്രം കണ്ടതാണഞ്ഞാൻ. 384

എങ്ങനെ രാമനെക്കൂടാതരണ്യത്തി
ലിങ്ങെഴും നിൻമെയ്യനോക്കുന്നു ശോഭനേ!"
ഇത്തരം കഷ്ടിച്ചുരച്ചു സാഷ്ടാങ്ഗമായ്
പൃഥ്വീസുതയെ വീണ്ടും പ്രണമിച്ചവൻ 388

പിന്നെയും തോണിയിൽചെന്നേറി നാവികൻ
തന്നെയും [2]പ്രേരണം ചെയ്താനനന്തരം.
[3]ദുഃഖഭാരാക്രാന്തനാകിയ ലക്ഷ്മണൻ
വെക്കം വടക്കേക്കരയ്ക്കണഞ്ഞപ്പൊഴേ 392

---

1. ചെന്താരടികം = ചുവന്ന പുഷ്പംപോലെയുള്ള കാലുകം.

2. പ്രേരണ ചെയ്ത = പ്രവർത്തിപ്പിച്ചു.

3. ദുഃഖഭാരാക്രാന്തൻ = ദുഃഖത്തിന്റെ ആധിക്യത്താൽ ആക്രമിക്കപ്പെട്ടവൻ.

ശോകമൂലം വെറും ഭ്രാന്തനെപ്പോലെയായ്
വേഗേന താൻ [1]സ്യന്ദനത്തിലേറീടിനാൻ.
മറേറക്കരയിലനാഥയെപ്പോലെയ
ങ്ങേറേറം കിടന്നുഴന്നീടുന്ന സീതയെ 396

പിന്നെയും പിന്നെയും പിന്തിരിഞ്ഞിട്ടവ-
നന്നതശോകേന നോക്കിഗ്ഗമിച്ചിതേ.
ദൂരത്തുടനുടൻപോകും രഥത്തെയും
തേരിൽ വാണീടുന്ന സൗമിത്രിതന്നെയും 400

പിന്നെയും പിന്നെയും നോക്കുന്നനേരത്തു
വന്ന ശോകം ഞാൻ പറയുന്നതെങ്ങനെ!.
ദുഃഖംപൊറാഞ്ഞു കുമ്പിട്ടും [2]യശസ്വിനി
യുംക്കാമ്പുരുകിയും നാഥനെക്കാണാതെ 404

ഉദ്വേഗമാന്നാവനത്തിൽകിടന്നുടൻ
സാധ്വീമണിയുറക്കെക്കരഞ്ഞീടിനാൾ.

---

1. സ്യന്ദനം = തേരു്

2. യശസ്വിനി = കീർത്തിയുള്ളവൾ.

1ദുഃഖപരായണയായവൾം കേഴുമ്പോ
ളുക്കാട്ടിലുള്ള 2സതപങ്ങളുമാകവേ 408

ഉൽക്കടസങ്കടം ക്രൂടെക്കരഞ്ഞുപോയ്
ദുഃഖമയമായ്ചമഞ്ഞു വനമെങ്ങും. 410

ചോദ്യങ്ങൾ

1. ഈ ഭാഗത്തിലെ കഥാംശത്തെ നാടകീയസംഭാഷണമാക്കിമാറ്റുക.

2. രാജാവ് എന്നുള്ള വാക്കിനു് പത്തു പര്യായങ്ങൾം എഴുതുക.

---

1. ദുഃഖപരായണ = ദുഃഖത്തിൽ വ്യാപരിക്കുന്നവൾം

2. സതപങ്ങൾം = ജീവികൾം.

5. പൂനിലാവു്

ഇത്ഥം കരയുന്ന സീതയെക്കണ്ടുടൻ
തത്രവന്നീടിന താപസബാലന്മാർ
സത്വരമോടിയണഞ്ഞീടിനാർ [1]മുനി–
സത്തമൻ വാല്മീകി തന്നുടെ സന്നിധൗ. 414

താപസേന്ദ്രൻ തൻെറ പാദങ്ങളും വന്ദിച്ചു
താപസബാലകന്മാരും സസംഭ്രമം
ശോകം മുഴുത്തവരം കേഴും പ്രകാരങ്ങ–
ളാകവേ മാമുനിയോടു ചൊല്ലീടിനാർ. 418

ശുഭ്രരാം ബാലകർ ചൊല്ലുന്നതുകേട്ടു
ചിത്തേ നിരൂപിച്ചു ധർമ്മജ്ഞനാം മുനി
[2]ദിവ്യചക്ഷുസ്സുകൊണ്ടെല്ലാമറിഞ്ഞുട–
നവ്വീതനയയെക്കാണ്മതിനോടിനാൻ. 422

---

1. മുനിസത്തമൻ = മുനിശ്രേഷ്ഠൻ

2. ദിവ്യചക്ഷുസ്സ് = അലൗകികമായ ദൃഷ്ടി (ഭൂതം, ഭാവി, വർത്തമാനം ഇങ്ങനെ മൂന്നുകാലങ്ങളേയും ബാഹ്യചക്ഷുസ്സിൻെറ സഹായംകൂടാതെ അറിയാനുള്ള കഴിവു്.)

മൈഥിലീദേവി വാണീടുന്നതുനോക്കി
ബോധമേറും മുനി കാൽനടയായുടൻ
പുണ്യമാ [1]മർഘ്യവും കയ്യിലേന്തിക്കൊണ്ടു
ജാഹ്നവിതന്നുടെ തീരം പ്രവേശിച്ചാൻ. 424

ദുഃഖഭാരം [2]പൊറാഞ്ഞാത്തയാം സീതയോ
ടുംക്കാമ്പലിഞ്ഞു വാല്മീകിമഹേശ്വരൻ
തന്മഹസ്സാൽ പരമാനന്ദമേകുമാ-
റുണ്മയോടേവം മധുരമായ് ചൊല്ലിനാൻ. 428

"ശ്രീമാൻ ദശരഥൻതൻ വധുവാണു നീ
രാമനേറ്റം പ്രിയയായുള്ള പത്നി നീ
ഭൂമീശനാം ജനകൻ തന്റെ പുത്രി നീ
ശ്രീമതി! തേ സൽപതിവ്രതേ! സ്വാഗതം. 432

അത്രവന്നീടുന്ന നീയെന്ന മുന്നമേ
[3]ചിത്തകാമ്പിൽ ധരിച്ചേൻ ഞാൻ സമാധിയാൽ
ഇന്നിതിനുള്ളൊരു കാരണം സർവവു-
മെന്നുടെ മാനസംകൊണ്ടറിഞ്ഞീടിനേൻ. 436

---

1. അർഘ്യം = പൂജയ്ക്കായുള്ള ജലം
2. പൊറിഞ്ഞു് = സഹിക്കാഞ്ഞു്
3. ചിത്തകാമ്പു് = ഇന്നത്തെ വ്യാകരണനിയമമനുസരിച്ചു ചിത്തക്കാമ്പു് എന്നുവേണം. (ഇതു് പഴയകാലത്തെ പ്രയോഗമാണു്.

നിന്നുടെ ചാരിത്രസംശുദ്ധിയും മഹാ-
ധന്യേ! പരമാത്മാമയറിവുണ്ടു മേ.
വിസ്രബ്ധയായിരുന്നീടുക വൈദേഹീ!
വത്സേ! മമ സമീപത്തിലാണിപ്പോൾ നീ. 440

എന്നാശ്രമത്തിന്നരികെ വസിക്കുന്ന
ധന്യകളായുള്ള താപസിമാരെടോ!.
നന്ദിനി! സന്തോഷമാമാറു നിത്യവും
നിന്നെപ്പരിചരിച്ചീടുമവർ ദൃഢം. 444

താതഗേഹത്തിൽ വന്നെന്നു ചിന്തിച്ചാലു-
മേതുമേ ചിത്തേ വിഷാദിച്ചിടായ്ക നീ."
ഇത്തരം വാല്മീകിമാമുനി ചൊല്ലുന്നൊ-
രത്യദ്ഭുതമാം മൊഴികേട്ടു സീതയും 448

[3]തച്ചരണങ്ങളിൽ താണു വന്ദിച്ചുഥ
വിശ്വാസപൂർവകം സമ്മതിച്ചീടിനാൾ.
അഞ്ജലി ബന്ധിച്ചുകൊണ്ടുപോയാൾ മുനി
കുഞ്ജരൻ തന്റെ പിന്നാലെ വൈദേഹിയും. 452

---

1. വിസ്രബ്ധ = വിശ്വാസത്തോടുകൂടിയവൾ

2. നന്ദിനി = പുത്രി

3. തച്ചരണങ്ങളിൽ = ആ ഭഗവതിന്റെ കാലുകളിൽ
(തത് + ചരണം:)

....

കാലം കുറച്ചുകഴിഞ്ഞൊരുനാൾ രണ്ടു
1ദാരികന്മാരെ പ്രസവിച്ചു ജാനകി.
പാതിരാവായൊരുനേരത്തു പാരമാം
കൗതുഹലത്തോടു വന്നു ചൊല്ലീടിനാർ 456

സീതാപ്രസവമാമിഷ്ടത്തെ മാമുനി
നാഥനോടങ്ങൃഷിപുത്രരാംബാലകർ.
"മാമുനേ! രാമന്റെ പത്നി പ്രസവിച്ചു
കോമളന്മാരായിട്ടും രണ്ടു ബാലരെ. 460

ഭ്രതബാധാദികളേൽക്കാതിരിപ്പതി-
ന്നേതുമേ വൈകാതെ രക്ഷ ചെയ്യേണമേ."
ഏവമബ്ബാലകർ ചൊല്ലുന്നതുകേട്ടു
പാവനനാം മുനിനാഥനുമാദരാൽ 464

2ബാലചന്ദ്രപ്രതീകാശമാം സീതതൻ
ബാലരെക്കണ്ടീടുവാൻ നടകൊണ്ടുടൻ
വിണ്ണവപുത്രരെപ്പോലെ ശോഭിച്ചിട്ടു-
മുണ്ണികളെക്കണ്ടു സന്തോഷമേന്തിനാൻ. 468

---

1. ദാരികന്മാർ = കുഞ്ഞുങ്ങൾ

2. ബാലചന്ദ്രപ്രതീകാശം = ചന്ദ്രക്കലയ്ക്കു തുല്യം.

രാക്ഷസഭ്രതാദിബാധകരം പോക്കുന്ന
രക്ഷകരം ചെയ്തീടിനാനവക്കായുടൻ.
നന്നായ് [1]കുശമുഷ്ടിയും [2]ലവവും ഗ്രഹി
[3]ച്ചുന്നതതേജസ്വിയാകും മഹാമുനി 472

[4]ഭ്രതൃഭക്തിയായുള്ള രക്ഷയായ് നൽകിനാൻ
സീതാസുതരെയരിപ്പിക്കുവാൻ തദാ.
നന്മയേറീടുമാബാലരിൽ ജ്യേഷ്ഠനെ
സന്മന്ത്രശക്തിയാന്നീട്ടും കുശങ്ങളാൽ 476

നന്നായ് തുലോടണമെന്നു ചൊന്നാനവൻ
തന്നുടെ നാമം കുശനെന്നുമായ്ത്തദാ.
രണ്ടാമതുണ്ടായൊരുണ്ണിയെയത്തരം
കൊണ്ടാടിയേറവും ശ്രദ്ധയാ വൃദ്ധന്മാർ 480

---

1. കുശമുഷ്ടി = ഒരുപിടി വെളുത്ത ദർഭ
2. ലവം = കരയാനൂ, ഇലവർങ്ങം
3. ഉന്നതതേജസ്വി = വലിയ തേജസ്സോടുകൂടിയവൻ
4. ഭൃത്യഘ്നി = ഭൃത്യങ്ങളെ നശിപ്പിക്കുന്നതു്.

നന്ദ്യാ തലോടുകവേണം ലവത്തിനാൽ
തന്നാമവും ലവനെന്നുതാൻ നിശ്ചയം.
ഏവം കുശലവന്മാരെന്നു പേരായ
1 ഭാവുകന്മാർ കോമളന്മാരിരുവരും. 484

ചോദ്യം

1. കാട്ടിൽ ഉപേക്ഷിക്കപ്പെട്ട സീത വാല്മീകിയുടെ ആശ്രമത്തിൽ എത്തിയതെങ്ങനെ ?

---

1. ഭാവുകന്മാർ = മംഗളശീലന്മാർ.

5. അടുത്ത കർത്തവ്യം

പിന്നീട്ടു പന്തിരണ്ടാമത്തെ വത്സരം
വന്നകാലത്തങ്ങു രാജാരഘുവരൻ
തന്നുടെയിഷ്ടസഹോദരന്മാരോടു
[1] മുന്നതാത്മാ പറഞ്ഞീടിനാനിങ്ങനെ. 488

"പുണ്യപ്രദമാം മഹാധർമ്മ [2] സേതുവെ
നന്നായ് കഴിപ്പതിനിന്നിയെന്നാഗ്രഹം.
നന്മയേറും ധർമ്മസേതുവ [3] ക്ഷയ്യമെ-
ന്നെന്മതം പാർത്തലത്തെത്രയും ശാശ്വതം. 492

ധർമ്മപ്രവചനമായോരിതു പാപ-
കർമ്മഫലത്തെയെല്ലാം നശിപ്പിച്ചിട്ടും.
എന്നാ [4] ത്മഭ്രതരാം നിങ്ങളോടൊന്നീമ്മു
പുണ്യമാംരാജസൂയത്തെക്കുഴിക്കുവാൻ 496

എന്നുള്ളിലാഗ്രഹമേറെമുണ്ടായതി
ലെന്നും [5] സനാതനം ധർമ്മംഭവിച്ചിട്ടും

---

1. ഉന്നതാത്മാ = മഹാത്മാവു്
2. സേതു = അണ, പാലം
3. അക്ഷയ്യം = ക്ഷയം ഇല്ലാത്ത = നാശം ഉണ്ടാകാത്ത
4. ആത്മഭ്രതർ = ആത്മാവായിത്തീർന്നിട്ടുള്ളവർ
5. സനാതനം = നാശമില്ലാത്ത

1 സർവപാപൗഘപ്രണാശനം പാവനം
സർവമുഖ്യംപാക്കില 2 ശ്വമേധാധ്വരം." 500

സോദരന്മാരോടീവണ്ണം പറഞ്ഞഥ
3 സ്ഫീതപ്രഭനായ കാകൽസ്ഥമന്നവൻ
പിന്നെയും 4 ധർമ്മസംയുക്തമാംവാക്കിതു
നന്നായ് സുമിത്രാത്മജനോടു ചൊല്ലിനാൻ. 504

"ഉത്തമവാജിരത്നത്തെസ്സമാധിയോ
ടൊത്തതി 5 ശ്രുത്യാസാർദ്ധം വിടാമെടോ!"
ഇത്തരം രാഘവൻ ചൊന്നതു കേട്ടുടൻ
സത്വരം നിർഗ്ഗമിച്ചാശു സൗമിത്രിയും 508

പൃഥ്വീസുരന്മാരെയെല്ലാംവിളിച്ചുടൻ
പൃഥ്വീപതിതന്നരികേ വരുത്തിനാൻ.
6 ദേവസങ്കാശൻ രഘുവംശനായകൻ
സാവധാനം നമിച്ചാദ്വിജന്മാരെ. 512

---

1. സർവപാപൗഘപ്രണാശനം = എല്ലാ പാപക്കൂട്ടത്തെയും നശിപ്പിക്കുക എന്ന സ്വഭാവത്തോടുകൂടിയതു്
2. അശ്വമേധാധ്വരം = അശ്വമേധയാഗം
3. സ്ഫീതപ്രഭൻ = വർദ്ധിച്ച പ്രഭയോടുകൂടിയവൻ
4. ധർമ്മസംയുക്തം = ധർമ്മത്തോടു നല്ലവണ്ണം യോജിച്ച
5. ശ്രുത്യാസാർദ്ധം = ശ്രുതിയോടുകൂടി
6. ദേവസങ്കാശൻ = ദേവതുല്യൻ.

[1] ദുർധർഷനാമന്ന്യപേന്ദ്രനെത്താപസ
സത്തമരാശിസ്സിനാൽ പുകഴ്ത്തീടിനാർ.
അഞ്ജലി ബന്ധിച്ചനന്തരം രാഘവ-
കുഞ്ജരനന്തണവര്യരോടാദരാൽ 516

അശ്വമേധത്തെക്കുറിച്ചുരചെയ്തിതു
വിശ്വവീരൻ [2] ധർമ്മസമ്മിതം ഭാഷിതം.
രാമവാക്യത്തെ ശ്രുവിച്ചോരനന്തരം
മാമുനിമാരവരവരും ശ്ലാഘയാ 520

നാഥനാം [3] ശങ്കരനെ പ്രണമിച്ചശ്വ
മേധത്തെയേറെവും മാനിച്ചുചൊല്ലിനാർ.
അശ്വമേധത്തെക്കുറിച്ചു വീണ്ടും വീണ്ടു-
മദ്ഭുതമാമ്മാറു താപസരേവരും 524

വാഴ്ത്തിപ്പറയുന്നതു കേട്ടനേരത്തു
പൃഥ്വീശനത്യന്ത സന്തോഷമേന്തിനാൻ.
മാമുനിമാരൊരുങ്ങീടുന്നതുകണ്ടു
രാമനും ലക്ഷ്മണനോടു ചൊല്ലീടിനാൻ. 528

---

1. ദുർധർഷൻ = അതിക്രമിക്കപ്പെടാത്തവൻ. (തോല്പിക്കപ്പെടാൻ വയ്യാത്തവൻ)
2. ധർമ്മസമ്മിതം = ധർമ്മത്തോടു ചേർന്നതു്.
3. ശങ്കരൻ = മംഗളം നൽകുന്നവൻ (ശിവൻ എന്ന പ്രസിദ്ധമായ അർത്ഥം)

"സുഗ്രീവനാം മഹാത്മാവെ വരുത്തുവാൻ
ശീഘ്രം പറഞ്ഞയച്ചീടുക ദൂതരെ.
"മുഖ്യമാം യാഗത്തിനായ്ക്കൊണ്ടു വീരരാം
മക്കടർ [1]ഭല്ലുകവൃന്ദത്തൊടൊത്തുടൻ 582

വന്നീടുക നല്ലതുണ്ടാംതവ കപി
മന്നവാ'യെന്നിത്തരം കുറിച്ചീടണം
വിക്രമമേറും വിഭീഷണനെന്നവൻ
മുഖ്യമായോരശ്വമേധത്തിനായിഹ 585

[2]കാമഗന്മാരാം നിശാചരരൊന്നിച്ചു
സാമോദമെത്തീടുവാൻ ക്ഷണിച്ചീടണം.
മൽപ്രിയം ചെയ്വതിനിച്ഛിച്ചുവാഴുന്ന
കേൽപ്പെഴും [3]മേദിനീപാലകരേവരും 540

അത്യുത്തമമായൊരശ്വമേധത്തിനാ
യെത്തീടണം നിജഭൃത്യരോടഞ്ജസാ.
മറുദേശങ്ങളിൽ വാഴുന്ന ധാർമ്മിക
ശ്രേഷ്ഠരാമന്തണന്മാരെയുമാദരാൽ 544

---

1. ഭല്ലുകം = കരടിക്കുരങ്ങ്

2. കാമഗർ = ഇഷ്ടംപോലെ പോകുന്നവർ (ഇഷ്ടംപോലെ പ്രവർത്തിക്കുന്നവർ) = തന്നിഷ്ടക്കാർ, തോന്നിയവാസക്കാർ.

3. മേദിനീപാലകന്മാർ = ഭൂരക്ഷചെയ്യുന്നവർ = രാജാക്കന്മാർ.

1ആർദ്ധമോദം ക്ഷണിച്ചുവരുത്തണം
സാരമാം യാഗത്തിനായ്ച്ചാണ്ടേ ലക്ഷ്മണാ !
ഗോമതീതീരത്തിലുത്തമമാം പുണ്യ
നൈമിശമെന്ന പേരായുള്ള കാനനേ 548

വിസ്താരമോടും പണിയിച്ചുകൊള്ളണം
ശുദ്ധമാം 2യജ്ഞവാടം ബഹുശോഭനം."
ഇത്തരം വേണ്ടതെല്ലാം നിയോഗിച്ചഥ
പ്രത്ഥപീശനാകും രഘുകുലനായകൻ 552

3ലക്ഷണസമ്പന്നമാകിയൊരശ്വത്തെ
യക്ഷണം വിട്ടീടിനാൻ വിധിയാംവിധം.
4യാജകന്മാരോടുമൊത്തു സുമിത്രയെ
5വാജിരക്ഷാർത്ഥം നിയോഗിച്ചനന്തരം 556

തൻപടയോടൊരുമിച്ചു കാകുൽസ്ഥനാം
തമ്പുരാൻ നൈമിശാരണ്യത്തിലെത്തിനാൻ. 558

---

1. ആർദ്ധമോദം = വർദ്ധിച്ച സന്തോഷത്തോടുകൂടി
2. യജ്ഞവാടം = യാഗസ്ഥലം
3. ലക്ഷണസമ്പന്നം = ലക്ഷണം തികഞ്ഞ
4. യാജകൻ = യജിക്കുന്നവൻ = യാഗം ചെയ്യുന്നവൻ
5. വാജിരക്ഷാർത്ഥം = കുതിരയെ രക്ഷിക്കുന്നതിനുവേണ്ടി

7. പാട്ടുകാർ

എത്രയുമദ്ഭുതമാം മട്ടിലിത്തര
മുത്തമയാഗം കഴിഞ്ഞുപോരും വിധൗ
വാല്മീകിയാം മുനിപുംഗവൻ ശിഷ്യരൊ-
ത്തുണ്മയിലങ്ങെഴുന്നള്ളിനാൻ സത്വരം. 562

ദിവ്യയാഗത്തോടു തുല്യമാമദ്ഭുത
ഭവ്യയാഗോത്സവം കണ്ടമ്മുനിവരൻ
മാമുനിവാടങ്ങൾ തൻസവിധേ ശുഭ
മാമൊരു പുണ്യാശ്രമത്തിൽ വാണീടിനാൻ. 566

പിന്നെ സശിഷ്യരാം രണ്ടുപേരോടങ്ങു
ചൊന്നാൻ മുനി "നിങ്ങൾ പോയുടൻ ശ്രദ്ധയാ
രാമായണം മഹാകാവ്യമൊക്കെയു
മാമോദമോടു പാടീടുവിൻ ബാലരേ! 570

പുണ്യങ്ങളാമൃഷി വാടങ്ങൾതന്നിലും
പുണ്യങ്ങളാം [1]ദ്വിജഗേഹങ്ങൾതന്നിലും
രാജമാർഗ്ഗങ്ങളിലും രഥ്യകളിലും
രാജവര്യന്മാരെഴും ഗൃഹത്തിങ്കലും 574

---

1. ദ്വിജഗേഹം = ബ്രാഹ്മണഭവനം.

രാമൻറെമന്ദിരം ദ്വാരത്തിലും തഥാ
ഹോമാദികമ്മങ്ങൾചെയ്യുംസ്ഥലത്തിലും
1ജ്ഞപിക്കുകൾ വസിച്ചീടുന്നദിക്കിലും
മുത്താന്നിങ്ങൾ പാടേണം വിശേഷിച്ചും. 578

കെല്പെഴുംപൃത്ഥ്വീപതി രാമനിക്കഥ
കേൾപ്പാൻവിളിച്ചങ്ങു കൊണ്ടുപോയെങ്കിലോ
മാമുനിശ്രേഷ്ഠരിരുന്നോരനന്തരം
സാമോദമോടിക്കൃതിയങ്ങുപാടണം. 582

നിങ്ങൾക്കു നാഥനായുള്ളതാരെന്നുട-
നിങ്ങുക്ഷിതീശ്വരൻ ചോദിച്ചുവെങ്കിലോ
ഞങ്ങളോ വാല്മീകി ശിഷ്യരെന്നിത്തരം
2തുംഗപ്രഭാവനാം ഭൂപനോടോതുവിൻ." 586

നാഥനാം താപസേന്ദ്രൻ തൻമൊഴികേട്ടു
മൈഥിലീനന്ദനന്മാരായ ബാലരും
കല്പനപോലെ നാം ചെയ്യുന്നുരച്ചഥ
കൽപോട്ടപോയാരരിന്ദമന്മാരവർ. 590

---

1. ജ്ഞപിക്കുകൾ = യാഗത്തിൽ ക്രിയചെയ്യുന്നആചാര്യന്മാർ

2. തുംഗപ്രഭാവൻ = വലിയ മാഹാത്മ്യത്തോടുകൂടിയവൻ.

നേരംപ്രഭാതമായപ്പോഴെഴുനേറ്റു
നീരാടി വഹ്നിയിൽ ഹോമംകഴിച്ചവർ
മുന്നമേ വാല്മീകി ചൊന്നവണ്ണം കാവ്യ-
മൊന്നൊഴിയാതെയെല്ലാമങ്ങുപാടിനാർ. 594

ആദികാവ്യം 1 പ്രഥമാചാര്യനിർമ്മിതം
ചേതോഹരമപൂർവം പരമോത്തമം
2 തന്ത്രീലയങ്ങളും 3 പാഠ്യക്രമങ്ങളും
സന്തോഷമേകും 4 പ്രമാണഭേദങ്ങളും 598

ഭംഗിയിൽചേർത്തു പാടീടുന്നതു നര-
പുംഗവൻ രാജാ ശ്രവിച്ചാൻ 5 തദന്തരേ.
ബാലകന്മാരങ്ങു പാടുന്ന കേട്ടട-
6 നാലോല കൗതുഹലംപൂണ്ടു മന്നവൻ 602

---

1. പ്രഥമാചാര്യനിർമ്മിതം = ആദിഗുരുവിനാൽഉണ്ടാക്കപ്പെട്ട
2. തന്ത്രീലയം = വീണക്കമ്പിയിൽനിന്നുണ്ടാകുന്ന ശബ്ദ ങ്ങളുടെ ലയം.
3. പാഠ്യക്രമം = വായിക്കുന്ന രീതി
4. പ്രമാണഭേദം = താള വ്യത്യാസം
5. തദന്തരേ = അതിനിടയിൽ
6. നാലോലകൗതുഹലം = ഇളകിക്കൊണ്ടിരിക്കുന്ന സന്തോഷം

[1] സർവ്വകലാശാസ്ത്രകോവിദന്മാരെയും
[2] സർവവർണ്ണസ്ഥിത മർത്യലോകത്തേയും
എല്ലാംവരുത്തീട്ടനന്തരം ബാലരെ
മെല്ലവേ താൻ പ്രവേശിപ്പിച്ചു മന്നവൻ. 606

അന്നേരമങ്ങെഴും മാമുനിശ്രേഷ്ഠരു-
മന്യഭൂപാലരും മറ്റുള്ളവർകളും
[3] ഗാതാക്കളാം ബാലരേയും നൃപനെയും
കൗതുകം പൂണ്ടു നോക്കീടിനാർ വീണ്ടുമേ. 610

എല്ലാവരുമങ്ങടനേ പരസ്പരം
ചൊല്ലിനാർ [4] കൗതുഹലാബ്ധിനിമഗ്നരായ്.
"ബിംബത്തിനോട്ട ബിംബങ്ങൾപോലേ പര-
മിമ്മഹീപാലനോടൊക്കുന്ന ബാലകർ." 614

---

1. സർവ്വകലാശാസ്ത്രകോവിദന്മാർ = എല്ലാ കലകളിലും ശാസ്ത്രങ്ങളിലും നിപുണന്മാർ

2. സർവവർണ്ണസ്ഥിത മർത്യലോകം = ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, എന്നീ വിഭാഗങ്ങളിൽപെട്ട മനുഷ്യർ

3. ഗാതാക്കൾ = പാട്ടുകാർ

4. കൗതുഹലാബ്ധിനിമഗ്നർ = ആഹ്ലാദമാകുന്ന സമുദ്രത്തിൽ മുങ്ങിയവർ.

1 ശ്രോതാക്കളെല്ലാമിവണ്ണം പറഞ്ഞഥ
കൗതുകമേററം കലന്നിരുന്നീടവേ
സാദരമങ്ങു ബാലന്മാരിരുവരും
മോദം വളർത്തുന്ന ഗാനം തുടങ്ങിനാർ. 618

പാട്ടിൻമഹിമയാൽ കേട്ടുവാഴുന്നവ–
ക്കൊട്ടുമേ തൃപ്തിവന്നീലാ തദന്തരേ.
അ 2. നപരാഹ്നമായപ്പോൾ സഹോദരൻ
തന്നോടു ചൊല്ലിനാനീവണ്ണമാദരാൽ. 622

"പത്തുമെട്ടും സഹസ്രം സൽക്കനകവും
ചിത്തകാമ്പിൽ കൊതിച്ചീടുന്നതൊക്കെയും
എത്രയും മാഹാത്മ്യമാർന്നൊരിവക്കിഹ
സത്വരം നൽകീടുക രഘുനന്ദന!". 626

തൽക്ഷണം വെവ്വേറെ നൽകിനാൻ ബാലക്കു
ലക്ഷ്മണനായ കാകുൽസ്ഥനതൊക്കെയും.
കെല്പെഴും 3 ഗായകന്മാരസ്സുവണ്ണത്തെ
യല്പവും സ്പീകരിച്ചീലങ്ങതുനേരം. 630

---

1. ശ്രോതാക്കൾ = കേൾക്കുന്നവർ

2. അപരാഹ്നം = ഉച്ചതിരിഞ്ഞതിൽപിന്നീടുള്ളകുറേസമയം

3. ഗായകൻ = പാട്ടുകാരൻ.

"വശ്യങ്ങളാ ഫലമൂലങ്ങളം ഭക്ഷിച്ചു
തിണ്ണം വസിക്കുന്ന ഞങ്ങൾക്കിതെന്തിനാം ?
കാട്ടിലി [1] ക്കാഞ്ചനരാശികാണ്മതോന്നു
കാട്ടേണ്ടു ഞങ്ങളോത്താൽ ധരണീപതേ!" 634

ഇത്തരമങ്ങവർ ചൊല്ലുന്നതു കേട്ടു
ചിത്തകൗതൂഹലം പൂണ്ടു തദന്തരേ
ധാത്രീപതിയുമാശ്ചോതാക്കളേവരും–
[2] മത്യന്തവിസ്മയാംഭോധൗ മുഴുകിനാർ. 638

മാമുനിബാലകന്മാരാമവരോടു
രാമക്ഷിതീശ്വരൻ ചോദിച്ചു സാദരം
ഏതുയുണ്ടീമഹാകാവ്യം കഥയിതു
തീർത്തതെത്രത്തോളമെന്നിവയൊക്കെയും. 642

"ഇമ്മഹാകാവ്യത്തെയിത്ഥം രചിച്ചൊരു
സന്മുനിശ്രേഷ്ഠനെങ്ങാണെന്നുമോതുവിൻ."
ഇത്തരം രാമവാക്യത്തെ ശ്രവിച്ചള–
വുത്തരം ചൊല്ലിനാർ താപസബാലരും. 646

---

1. കാഞ്ചനരാശി = സ്വർണ്ണക്കൂട്ടം

2. അത്യന്തവിസ്മയാംഭോധൗ = വലുതായ അദ്ഭുതമാകുന്ന സമുദ്രത്തിൽ.

"വാല്മീകിയാകും ഭഗവാൻ തദുപാനിധി
1തത്പദ്മഖസീമ്നിതാൻ വന്നു വാണീടുന്നു.
അദ്ദേഹമാണീദൃശചരിതം സർവ-
മിത്തരംനിമ്മിച്ചതെന്നറിഞ്ഞിടുക. 650

ഓത്താലിരുപത്തുനാലായിരം പര-
മുത്തമശ്ലോകങ്ങളും തീർത്താനിതിൽ മുനി
2ഭാർഗ്ഗവഗോത്രജനാകും മാമാമുനി
യാഖ്യാനമങ്ങൊരന്തരു തീർത്താനിതിൽ 654

ആദ്യംമുതൽക്കിതിലഞ്ചു സർഗ്ഗങ്ങ-
ളുത്തു തീർത്തിട്ടണ്ടറിക പ്രഥമീപതേ.
നന്നായിതു കേട്ടുകൊൾവാൻ ഭവന്മന-
3മുന്നിദ്രമായ് ഭവിച്ചീടുന്നുവെങ്കിലോ 658

കമ്മാന്തരങ്ങളിൽ സോദരന്മാരോട്ട-
മിമ്മഹാകാവ്യം ശ്രവിക്കുക ശ്രദ്ധയാ."
4സാധുകാവ്യംകൊണ്ട ഗായകന്മാരവർ
മൈഥിലീനന്ദനരെന്നതറിഞ്ഞഹോ 662

---

1. തത്പദ്മഖസീമ്നി = അങ്ങയുടെ യാഗത്തിനടുക്കൽ
2. ഭാർഗ്ഗവഗോത്രജൻ = ഭൃഗുവിന്റെ വംശത്തിൽ ജനിച്ചവൻ
3. ഉന്നിദ്രമായ് = ഉണർന്നായി
4. സാധുകാവ്യം = ഉൽക്കൃഷ്ടകാവ്യം.

മന്നവനാം രഘുനായകനസ്സഭ
തന്നടെമധ്യത്തിൽ വച്ചങ്ങത്തനേരം
[1]സംശുദ്ധവൃത്തയുള്ള ദ്വിതന്മാരെ
യാശുവിളിച്ചേവമോതിനാൻ ബുദ്ധിമാൻ. 666

"വാല്മീകിമാമുനി വാഴുംപ്രദേശത്തു
താമസിയാതെപോയ് ചെന്നുണർത്തിക്കണം.
[2]കന്മഷമേതും പെടാതതി [3]സംശുദ്ധ
കർമ്മസ്ഥിതിയാണു സീതയെന്നാകിലോ 670

വാല്മീകിതന്നുവാദത്തൊടിങ്ങുവ-
ന്നാത്മസംശുദ്ധിയെച്ചെയ്യട്ടെ സാമ്പ്രതം
വാല്മീകിതന്നഭിപ്രായവും വിശ്വാസ
സമ്മതി നൽകുവാൻ ചിത്തേ നിനച്ചിടും 674

സീതതൻ [4]ചേതോഗതവും ധരിച്ചിങ്ങു
[5]ജാതവേഗംവന്നു നമ്മോടു ചൊല്ലുവിൻ."

---

1. സംശുദ്ധവൃത്തർ = പരിശുദ്ധചരിതന്മാർ
2. കന്മഷം = പാപം
3. സംശുദ്ധകർമ്മസ്ഥിത = പരിശുദ്ധമായ പ്രവൃത്തികളിൽ സ്ഥിതിചെയ്യുന്നവൾ = പരിശുദ്ധപ്രവൃത്തികളിൽനിരത
4. ചേതോഗതം = മനസ്സിലെ ആശയം
5. ജാതവേഗം = വേഗത്തോടുകൂടി.

8. മാതാവിന്റെ മടിയിലേയ്ക്ക്

അന്നത്തെ രാവതു പോയോരനന്തരം
മന്നവൻ യജ്ഞവാടം പൂക്കു സാദരം
താപസക്കില്ലാക്കു മാളയച്ചീടിനാൻ
ഭൂപതിശ്രേഷ്ഠൻ മഹാപ്രതാപൻ വിഭു. 680

ചിത്തകൗതൂഹലം പൂണ്ടവരെല്ലാരു
മെത്തിസ്സഭാന്തരേ വാണരുളീടിനാർ.
ക്ഷത്രിയവീരരും വൈശ്യരും ശൂദ്രരും
ചിത്ത കൗതൂഹലാൽ വന്നുചേർന്നീടിനാർ. 684

നാനാവിഷയങ്ങളിൽ വസിച്ചീടുന്ന
1മാനനീയവ്രതന്മാരായ വിപ്രരും
ജ്ഞാനികളും കർമ്മനിഷ്ഠരും യോഗങ്ങ-
ളൂനമെന്യേ പരിശീലിച്ച യോഗ്യരും 688

സീതാശപഥം സമീക്ഷിച്ചുകൊള്ളുവാൻ
കൗതൂഹലത്തോടു വന്നുചേർന്നീടിനാൻ.
2അശ്മസംഭ്രതമാം ശൈലംകണക്കങ്ങു
വിസ്മയം പൂണ്ടവരെല്ലാമിരിക്കവേ 692

---

1. മാനനീയവ്രതന്മാർ = മാനിക്കത്തക്ക നിഷ്ഠയോടുകൂടിയവർ
2. അശ്മസംഭൃതം = കല്ലിൽനിന്നും ഉണ്ടായതു്.

വാല്മീകിയാംമുനിനാഥനും സത്വരം
ഭ്രമീസുതയോടൊരുമിച്ചെഴുന്നള്ളി.
താപസശ്രേഷ്ഠന്റെ പിമ്പിലജ്ഞാനകി
താപേന രാമനെച്ചിന്തിച്ചുകൊണ്ടഹോ 696

ഗദ്ഗദം പൂണ്ടങ്ങധോമുഖിയായ് തൊഴു-
തക്കാലമയ്യോ നടന്നാൾ പതുക്കവേ
നാന്മുഖദേവനെ പിൻതുടർന്നീടുന്ന
[1]നാന്മറയെന്നതുപോലെ തദന്തരേ. 700

വാല്മീകിപിമ്പേ വരുംസതിയെക്കണ്ടു
നിർമ്മലം സാധുവാദംമുഴങ്ങീ തുലോം.
പെട്ടെന്നു സർവരും സന്താപമഗ്നരാ
യേറനം [2]ഹലഹലശബ്ദം മുഴക്കിനാർ. 704

മാമുനിപുംഗവനായുള്ള വാല്മീകി
ഭ്രമീസുതയോടൊരുമിച്ചനന്തരം
എങ്ങും നിറഞ്ഞിരിക്കും സഭാമധ്യത്തി
ലങ്ങുചെന്നിട്ടഥ രാമനോടോതിനാൻ. 708

---

1. നാന്മറ = നാലുവേദങ്ങൾ

2. ഹലഹലശബ്ദം = ആർപ്പുവിളി.

"മുന്നംഭവാനപവാദം നിമിത്തമാ-
യെന്നാശ്രമാന്തേ ത്യജിച്ചോരു സാധ്വിയാം
എന്നമേ ധർമ്മസ്ഥിതയായ സീതയെ
യിന്നിതാ കൊണ്ടുവന്നീടിനേൻ ഞാനിഹ.

രാഘവാ! ലോകാപവാദത്തിനാൽ ഭീത-
നാകിയോരങ്ങയ്ക്കിതുനേരമിസ്സതി
പ്രത്യയം നന്നായ് വരുത്തീടുമായതി
നുത്തമനാം നീയനുജ്ഞനൽകീടുക.

മന്നിൻ മകളങ്ങിരട്ട പെറുണ്ടായ
നന്ദനന്മാർ തവ പുത്രരീബാലകർ.
എത്രയോ നൂറുനൂറായിരം വത്സരം
കൃത്യമോടേ തപം ചെയ്തിരിക്കുന്ന ഞാൻ.

മൈഥിലി ദുഷ്ടയെന്നാകിലതിൻഫല
മേതുമനുഭവിക്കാതിരുന്നോട്ടെ ഞാൻ.
ഭൂപുത്രിയാളിവൾ ദുഷ്ടയെന്നാകിലോ
പാപകർമ്മത്തിൻഫലം ഭുജിച്ചോട്ടെ ഞാൻ.

ഏറ്റവും സംശുദ്ധവൃത്തയാമിസ്സതി-
ക്കൊട്ടുമേ പാപമില്ലെന്നതു നിശ്ചയം."
ഇത്തരം വാല്മീകി ചൊന്നതു കേട്ടടൻ
പൃത്ഥ്വീപതീന്ദ്രനാം രാഘവനന്ദനൻ

ലോകമധ്യേ ജനകാത്മജനെക്കണ്ടു
കൈക്കൂപ്പി മാമുനിയോടണഞ്ഞീടിനാൻ.
"ധർമ്മജ്ഞനാകും ഭവാനരുൾചെയ്യുക
[1] സന്മതേ! സർവം പരമാർത്ഥമെന്നുയും. 732

കർമ്മക്ഷമാഹീനമാം [2] തവവാക്കിനാൽത്തന്നെ
യെന്മനസ്സിൽപ്പരം വിശ്വാസമായ് മുനേ!.
ദോഷമില്ലെന്നുള്ള വിശ്വാസമോടുതാ-
[3] നേഷഞാൻ ലോകാപവാദഭയത്തിനാൽ 736

സാധ്വിയായുള്ളോരീ ജാനകീദേവിയെ
യിത്തരം സന്ത്യജിച്ചീടിനേൻ മാമുനേ!.
ശുദ്ധയാം ജാനകിയെക്കളഞ്ഞേനതു
[4] നിസ്തുലതേജോനിധേ! ക്ഷമിക്കേണമേ. 740

ലോകമധ്യത്തിൽവച്ചിപ്പോൾ പരിശുദ്ധ
യാകിയ സീതയിൽ പ്രീതിയുണ്ടാം മമ."
രാമനേവം പറയുന്നോരു നേരത്തു
രാമന്റെ ചേതോഗതമറിഞ്ഞജ്ഞസാ 744

---

1. സന്മതേ! = നല്ല ബുദ്ധിയുള്ളവനേ!
2. തവവാക്കു് = അങ്ങയുടെ വാക്കു്
3. ഏഷ = ഈ
4. നിസ്തുലതേജോനിധേ! = തുലനം ചെയ്യാനാകാത്ത ഓജസ്സിനു് ഇരിപ്പിടമായിട്ടുള്ളവനേ !

നാന്മുഖദേവനോടൊന്നിച്ചു ശക്രനും
സന്മഹാത്മാക്കളാം ദേവകളേവരും
വൈദേഹിതന്നുടെ സത്യമീക്ഷിപ്പതി
നാദരവോടങ്ങു വന്നു ചേർന്നീടിനാർ. 748

അന്നേരമോരോരിടങ്ങളിൽ നിന്നങ്ങു
വന്നുചേർന്നീലോകമാനവരേവരും
മുന്നം കൃതയുഗകാലത്തിലെന്നതു
വണ്ണമചിന്ത്യമാമദ്ഭുതം കണ്ടിതേ. 752

തോഷമോടേവരും വന്നതു കണ്ടഥ
കാഷായവസ്ത്രം ധരിച്ചോരു സീതയും
അഞ്ജലിബന്ധിച്ചധോമുഖിയായവ
മഞ്ജസാകീഴ്പോട്ടു നോക്കിയാതീടിനാൾ 756

"ഞാനിഹ രാമനെയല്ലാതൊരാളെയും
മാനസംകൊണ്ടു നിനച്ചതില്ലെങ്കിലോ
മാധവപത്നിയാം ദേവിയെനിക്കിന്നു
സാധുവാകം പഴുതൊന്നു നൽകേണമേ. 760

1 വാങ്മനഃകർമ്മങ്ങളംകൊണ്ടു ഞാനെപ്പോഴും
രാമനെപ്പൂജിച്ചു വാണിതെന്നാകിലോ

---

1. വാങ്മനഃകർമ്മങ്ങൾ = വാക്ക്, വിചാരം, പ്രവൃത്തി എന്നിവ.

[1] മാധവപത്നിയാംദേവിയെനിക്കിന്നു
സാധുവാകും പഴത്തൊന്നു നൽകണമേ. 764

ഇന്നു ഞാൻ ചൊന്നതു സത്യമെന്നാകിലു
മന്യനെ ഞാനറിഞ്ഞിട്ടില്ലയെങ്കിലും
മാധവപത്നിയാംദേവിയെനിക്കിന്നു
സാധുവാകും പഴത്തൊന്നു നൽകേണമേ." 768

ഇത്തരം വൈദേഹിയാമപ്പതിവ്രത
സത്യവാക്യം പറയുന്നേരമങ്ങഹോ
പൃഥ്വിയിൽനിന്നും പുറപ്പെട്ട ദിവ്യമാ-
മുത്തമസിംഹാസനം പരമദ്ഭുതം. 772

വിക്രമമേറുന്ന നാഗങ്ങളംതൻ [2]ഫണ
ചക്രവാളത്താലതു വഹിച്ചീടുന്നു.
[3] ദിവ്യരത്നാദിവിഭൂഷിതമെത്രയും
ദിവ്യം മഹാദിവ്യവിഗ്രഹമാസനം. 776

ഭൂദേവിയങ്കത്തിൽ വാഴുന്നിതദ്ദേവി
സീതയെക്കെട്ടിപ്പിടിച്ചുപുൽകിത്തദാ

---

1. മാധവപത്നി = വിഷ്ണുപത്നി; ഇവിടെ ഭൂമി എന്നർത്ഥം
2. ഫണം = പത്തി
3. ദിവ്യരത്നാദിവിഭൂഷിതം = ശോഭിക്കുന്ന രത്നം തുടങ്ങിയ സാധനങ്ങൾകൊണ്ട് അലങ്കരിക്കപ്പെട്ടതു്.

സ്വാഗതം കൊണ്ടഭിനന്ദിച്ചു സാദരം
വേഗന സിംഹാസനത്തിലിരുത്തിനാൾ. 780

ആസനേ വാണു താൻ പാതാളലോകത്തി-
ലാശ്രുപോയീടുന്ന സീതയെക്കണ്ടുടൻ
ദേവകളെല്ലാമിടവിടാതേറവും
ദേവിയിൽ പൂമഴപെയ്താരുടനുടൻ. 784

സീതാപ്രവേശനം കണ്ടുടനെത്രയും
കൗതുകലം കലർന്നേവമോരോതരം
അന്തരീക്ഷത്തിങ്കൽ നില്ക്കുന്നദേവകൾ
സന്തോഷശബ്ദങ്ങളേറെം മുഴക്കിനാർ. 788

ഭൂവിലും [1]നാകലോകത്തിലുമുള്ളോരാ
[2]സ്ഥാവരജംഗമവർഗ്ഗങ്ങളൊക്കെയും
പാതാളവാസികളായ നാഗേന്ദ്രരും
[3]ദൈതേയരും മഹാവിസ്മയമേന്തിനാർ. 792

സന്തുഷ്ടരായലറീടിനാർ കേചന
ചിന്താപരായണന്മാരായി കേചന

---

1. നാകലോകം = സ്വർഗ്ഗലോകം
2. സ്ഥാവരജംഗമവർഗ്ഗങ്ങൾ = ചരവും അചരവും (സഞ്ചരിക്കുന്നതും സഞ്ചരിക്കാത്തതും) ആയ വസ്തുക്കൾ
3. ദൈതേയർ = രാക്ഷസന്മാർ

സീതയെ നോക്കുന്ന [1]കേചന രാമനെ
ച്ചേതനയറവു നോക്കുന്നിതുകേചന. 796

ഇത്തരം സീതാ പ്രവേശനംകാൺകയാ-
ലസ്ഥലത്തിങ്കൽ വന്നുള്ളവരേവരും
തൈലോക്യമെല്ലാമൊരുമിച്ചുമോഹിച്ച
പോലെ മോഹാന്ധരായാർ മുഹൂർത്തം തുലോം. 800

കണ്ണുനീർവാർത്തുകൊണ്ടാകുലനായൊരു
[2]ഭണ്ഡത്തെയാശ്രയിച്ചും കൊണ്ടുരാമനും
ദുഃഖംമുഴുത്തതി ദീനനായ് കീഴ്പോട്ട
നോക്കിത്തലതാഴ്ത്തിനിന്നീടിനാനഹോ!. 804

ചോദ്യങ്ങൾ

1. സീതയെക്കുറിച്ചുണ്ടായ അപവാദമെന്തു്? അതെങ്ങനെ ഇല്ലാതായി?
2. വാല്മീകി സീതാരാമന്മാർക്കു ചെയ്ത സഹായം വിവരിക്കുക.
3. ഉത്തമനായ രാജാവായി രാജ്യഭാരം ചെയ്യുന്നതിനു് രാമൻ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ എന്തെല്ലാമായിരുന്നു?

---

1. കേചന = ചില, ചിലർ.
2. ഭണ്ഡം = വടി, കമ്പു്.

Printed at the P. K. Memorial Press, Trivandrum.

അഭിപ്രായങ്ങൾ

"ബാലഹൃദയങ്ങളിൽ സഹജമായ ഔത്തരവും ജിജ്ഞാസയും വളർത്തി, അവരുടെ വിജ്ഞാന സംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരുവാൻ പറ്റിയാപ്തമായ രീതിയിലും ഭാഷയിലും രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിന്റെ അനർഘമായ സമ്പത്താണ്."

മഹാകവി, ജി. ശങ്കരക്കുറുപ്പ്.

★ ★ ★ ★ ★

"വളർന്നുവരുന്നപുരുഷന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ചു ലളിതവും സുഗമവുമായ ശൈലിയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര അധ്യാപകന്മാർക്കും അധ്യേതാക്കൾക്കും ഒരു പോലെ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

എൻ. ഗോപാലപിള്ള എം. എ.
പ്രിൻസിപ്പൽ, രാജകീയ സംസ്കൃതകോളേജ്,
തിരുവനന്തപുരം

★ ★ ★ ★ ★

"ഈ ഗ്രന്ഥങ്ങളുടെ രചനയിൽ ഒരാലട്ടത്തിലുമുള്ള വിദ്യാർത്ഥികളുടെ മനോവികാസം, താല്പര്യങ്ങൾ, ഭാഷാസ്വാധീനത മുതലായവയെല്ലാം ഔചിത്യപൂർവം പരിഗണിച്ചിട്ടുള്ളതെന്നതു മേൽപ്പോട്ടം എനിക്കു വലിയ സന്തോഷം തോന്നി. ഭാഷയുടെ ശ്രേണീകരണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഉചിതജ്ഞത പ്രശംസാർഹം തന്നെ. ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കുന്ന ഗ്രന്ഥകാരന്മാർ നിങ്ങളെ അനുകരിച്ചെങ്കിൽ!"

എം. രാമകൃഷ്ണൻനായർ എം. എ. എൽ. റ്റി.
മലയാളവകുപ്പധ്യക്ഷൻ, ട്രെയിനിംഗ് കോളേജ്,
തിരുവനന്തപുരം

The Mahatma Printing Works, Trivandrum.